# വേർപാട്

013

**അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം**

## മാധ്യമ സ്വാധീനം




**ബ്രദറൺ റിസർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരണം**

# വേർപാട്
വാർത്താ പത്രിക



## എഡിറ്റോറിയൽ ടീം
EDITORIAL TEAM


**ചീഫ് എഡിറ്റർ**

ഡോ. ജോൺസൺ സി. ഫിലിപ്പ്

**മാനേജിംഗ് എഡിറ്റർ**

ഡോ. സനീഷ് ചെറിയാൻ

**എഡിറ്റോറിയൽ ബോർഡ്**

1. സ്കറിയ വർഗീസ്
2. ഏബ്രഹാം തോമസ്, കൊച്ചി
3. പി.ഇ. സാംകുട്ടി
4. അലക്സാണ്ടർ കോശി

**ഓവർസീസ് എഡിറ്റോറിയൽ ബോർഡ്**

ഡോ. സണ്ണി എഴുമറ്റൂർ, യു.എസ്.എ.
ഡോ. കെ.എം. ശമുവേൽ, കെനിയ
നോയൽ ഡാനിയേൽ, യു.എസ്.എ.
ജോൺ ഏബ്രഹാം, ദുബായ്

**പബ്ലിഷർ**

ജിജോ സി. ജോർജ്ജ്

**ഡിസൈൻ & ലേ ഔട്ട്**
ലോഗോസ് മീഡിയ

**പ്രിന്റിംഗ്**

മാപ്തോ പ്രിന്റിംഗ്സ്, കളമശ്ശേരി

**വാർഷിക വരിസംഖ്യ : Rs.150/-**

**ഡോക്ട്രിനൽ അഡ്വൈസറി ബോർഡ്**

1. കെ.എ. ഫിലിപ്പ്
2. ഫിലിപ്പ് ഏബ്രഹാം
3. ഇ.ജെ. പൈലി
4. പി.പി. ജോർജ്ജ്
5. ജോർജ്ജ് പീറ്റർ
6. എം.സി. ജോർജ്ജ്
7. ജോസ് മാങ്കുടി
8. എസ്.കെ. ഡേവിഡ്
9. കെ.വി. ഐസക്
10. വി.എം. പോൾ
11. കെ. ഗോപിനാഥൻ
12. ഡോ. പി.എം. ജോർജ്ജ്കുട്ടി
13. പ്രൊഫ. മാത്യൂസ് ഏബ്രഹാം
14. സി.ഒ. ഡേവീസ്
15. റെജി. കെ. തോമസ്

**മീഡിയ കൺസൾട്ടന്റ്സ്**

1. ഫിലിപ്പ് കെ. ആൻഡ്രൂസ്
2. ജോൺ സെബാസ്റ്റ്യൻ
3. പ്രമോദ് തോമസ്
4. സജി ഇടിക്കുള
5. റെജി കെ. പോൾ

**മാനേജിംഗ് കമ്മിറ്റി**

1. ഡോ. ബഞ്ചമിൻ ഏബ്രഹാം
2. വിക്ടർ ജോർജ്ജ് കുര്യാക്കോസ്
3. സാമുവേൽ പി. വർക്കി
4. രഞ്ജിത്ത് കുമാർ
5. വർക്കി ജോർജ്ജ്
6. രാജു കെ. തോമസ്
7. തോംസൺ കെ. പോൾ


**വാർത്തകളും കത്തുകളും, വരിസംഖ്യയും അയക്കേണ്ട വിലാസം**


**Saneesh Cherian,**
Logos Bhavan
Maneed P.O., Ernakulam 686726, Kerala
Mob : 9497479976
E-mail : BrethrenAssemblyNews@gmail.com
Website : www.BrethrenAssemblyNews.com





## വരിക്കാരുടെ ശ്രദ്ധയ്ക്ക്

വേർപാടു സഭകളുടെ നന്മയും മഹത്വവും ഉയർത്തിക്കാണിക്കുകയും ദുരുപദേശങ്ങളെ വസ്തുനിഷ്ഠമായി ഖണ്ഡിക്കുകയും ചെയ്യുന്നതിൽ പ്രതിജ്ഞാബദ്ധമായിരിക്കുന്ന വേർപാട് വാർത്താപത്രികയിൽ പ്രസിദ്ധീകരിക്കുന്നതിന് വാർത്തകളും ലേഖനങ്ങളും അയക്കുന്നവർ അക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഈ പ്രസിദ്ധീകരണത്തെ ഓർത്തു പ്രാർത്ഥിക്കണമെ.

# വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

## ഉള്ളടക്കം

കുടുംബപ്രാർത്ഥന മുടങ്ങിയിട്ടുണ്ടോ? 02

വിശ്വാസ ഗോളത്തിലെ ചതിക്കുഴികൾ 03



പ്രവചനം ക്രമീകൃത പഠനത്തിന്റെ ആവശ്യകത 05

വേർപാട് ന്യൂസ് 07

ഗ്വാളിയറിൽ നിന്നുള്ള ഓർമ്മക്കുറിപ്പുകൾ 10

പൂർവ്വകാല സ്മരണകൾ 11

വേദവിജ്ഞാനം സംഖ്യ പുസ്തകം 15

## എഡിറ്റോറിയൽ



# മാധ്യമ സ്വാധീനം

ജനജീവിതത്തിൽ ആഴമായി സ്വാധീനം ചെലുത്തുവാൻ ദൃശ്യശ്രാവ്യ മാധ്യമങ്ങൾക്കു ശക്തിയുണ്ട്. സദാചാര മൂല്യങ്ങൾ ജനഹൃദയങ്ങളിലേക്കു പകരുക എന്നതാണ് മാധ്യമ ദൗത്യങ്ങളിൽ ഒന്ന്. എന്നാൽ ആധുനിക യുഗത്തിൽ ബഹുജനമാധ്യമങ്ങൾ പലതും ഈ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചിരിക്കുന്നു. ഫാഷൻ ഭ്രമവും ജനപ്രീതി നേടാനുള്ള ത്വരയുമുള്ള മനുഷ്യമനസ്സിനെ വശീകരിക്കുന്നതിലാണ് ഇന്നു മാധ്യമങ്ങൾ ശ്രദ്ധിക്കുന്നത്.

അടുത്തയിടെ പതിനഞ്ചുവയസ്സുകാരൻ തന്റെ സഹപാഠിയുടെ കഴുത്തു കുപ്പിച്ചില്ലു കൊണ്ടു മുറിയ്ക്കയും തലയിൽ കല്ലു കൊണ്ടിടിച്ചു കൊല്ലുകയും ചെയ്ത വാർത്ത നാം വായിച്ചു. സിനിമയിൽ താൻ കണ്ട രംഗമാണ് തനിക്കു പ്രചോദനമായതെന്നു അവൻ പോലീസിനോടു സമ്മതിച്ചു. സിനിമയിലൂടെയും മറ്റും കൊലപാതകത്തിന്റെയും തീവ്രവാദത്തിന്റെയും അധാർമ്മികതയുടെയും വഴികളാണ് ഇന്നത്തെ യുവതലമുറ പഠിക്കുന്നത്. കാമുകനോടൊപ്പം ഒളിച്ചോടുവാനും കാമുകിക്കൊപ്പം ആത്മഹത്യ ചെയ്യുവാനും യുവതീയുവാക്കന്മാർക്കു പ്രചോദനമാകുന്നതു ദൃശ്യമാധ്യമങ്ങളാണ്.

ഒരു കാലത്ത് ടെലിവിഷൻ വിശ്വാസ ഭവനങ്ങളിൽ കയറ്റിയിരുന്നില്ല. എന്നാൽ ഇന്ന് മിക്ക ഭവനങ്ങളിലും ടി.വി. ഉണ്ട്. വിശ്വാസികളുടെ മക്കൾ പോലും ടി.വി.യുടെ സ്വാധീനത്തിൽ പെട്ടു മോഡേൺ ഫാഷനുകൾ അണിയുന്നു. പലരും അവിശ്വാസികളുമായി കൂട്ടുകൂടി വീടുവിട്ടിറങ്ങുന്നു. ആത്മീക വിവേചനത്തിന്റെയും പക്വതയുടെയും അപര്യാപ്തതയിലേക്കാണിതു വിരൽ ചൂണ്ടുന്നത്.

മാധ്യമങ്ങൾ ഒരു പരിധി വരെ ഉപകാര പ്രദങ്ങളാണ്. അതു നാം നമ്മുടെ പ്രയോജനത്തിനായി ഉപയോഗിക്കണം. അതു നമ്മെ കീഴ്പ്പെടുത്താൻ ഇടവരുത്. ദൃശ്യമാധ്യമങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ നമുക്കു വിവേചന ബുദ്ധിയുള്ളവരായിരിക്കാം.

**ഡോ. ജോൺസൺ സി. ഫിലിപ്പ്**

സഹോദരിമാരോട്



# കുടുംബപ്രാർത്ഥന മുടങ്ങിയിട്ടുണ്ടോ?

മിസസ്. ശാന്താ ജോൺസൺ

ശക്തമായ കാറ്റും ഇടിയുമുള്ള ഒരു രാത്രിയിൽ ബ്ര.ജോൺ റേലോഡ് തന്റെ ശുശ്രൂഷയും കഴിഞ്ഞ് ഭവനത്തിലേക്ക് വരികയായിരുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ലഭിക്കുന്ന രക്ഷയെക്കുറിച്ച് അനേകരോട് പറയുവാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലും സംതൃപ്തിയിലും ദൈവത്തെ സ്തുതിച്ചുകൊണ്ടാണ് താൻ നടക്കുന്നത്. പെട്ടെന്ന് ഇടിയും മഴയും ആരംഭിച്ചു. വീട്ടിലേക്ക് ഒത്തിരി ദൂരം ഇനിയും യാത്ര ചെയ്യാനുണ്ട്. പക്ഷെ കോരിച്ചൊരിയുന്ന ഈ മഴയത്ത് അത്രയും നടന്നെത്തുക പ്രയാസമാണ്. അധികം ദൂരയല്ലാതെ സ്ഥിതി ചെയ്യുന്ന ഒരു വിശ്വാസഭവനത്തിലേക്ക് അദ്ദേഹം കയറിച്ചെന്നു. ദൈവദാസനെ വളരെ സന്തോഷത്തോടെ അവർ കൈക്കൊണ്ടു. നല്ല അത്താഴവും ഒരുക്കി. തുടർന്നു അദ്ദേഹത്തിനായി ഒരുക്കിയ ബെഡ്റൂമിലേക്ക് അദ്ദേഹത്തെ ആനയിച്ചു. അപ്പോൾ ആ ദൈവദാസൻ അവരോടു ചോദിച്ചു. "ഇവിടെ കുടുംബപ്രാർത്ഥന ഇല്ലേ?"ഇവിടെ അങ്ങനെ ഒരു പതിവില്ല എന്നു കുടുംബനാഥൻ പറഞ്ഞു. അതു കേട്ട റേലോഡ് പറഞ്ഞു. "എങ്കിൽ ഞാനിവിടെ പാർക്കില്ല."

വീട്ടമ്മ ദൈവദാസനോടു പറഞ്ഞു. അങ്ങ് ക്ഷമിക്കണം. അച്ചായൻ ജോലിയും കഴിഞ്ഞ് വളരെ വൈകിയാണു വരുന്നത്. ക്ലാസ്സും ട്യൂഷനും കഴിഞ്ഞ് മക്കൾ വീട്ടിലെത്തുമ്പോൾ ഒരു സമയമാകും. പിന്നെ അല്പം ഭക്ഷണം കഴിച്ച് കിടന്നുറങ്ങും. പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ച് ഗൗരവമായി ചിന്തിച്ചിട്ടില്ല. പ്രാർത്ഥനയ്ക്ക് അത്ര പ്രാധാന്യമുണ്ടോ? നമ്മൾ ദൈവമക്കളായതുകൊണ്ട് പ്രാർത്ഥിച്ചില്ലെങ്കിലും ദൈവം നമ്മുടെ ആവശ്യങ്ങൾ നടത്തിത്തരും എന്നാണ് കരുതിയത്. അതുകൊണ്ട് മക്കളെയും പ്രാർത്ഥിക്കാൻ ഞാൻ പഠിപ്പിച്ചിട്ടില്ല.

ഇതുകേട്ട ദൈവദാസൻ പറഞ്ഞു. പ്രാർത്ഥനയില്ലാത്ത വിശ്വാസിയുടെ ജീവിതം ചത്തതിനു തുല്യമാണ്. ബാഹ്യമായ നോട്ടത്തിൽ പ്രശ്നമൊന്നുമില്ലെങ്കിലും ദൈവവുമായി സംസർഗ്ഗമില്ലാത്ത നിഷ്പ്രഭമായ ജീവിതമാണത്. അങ്ങനെ ദൈവവുമായി സംസർഗ്ഗമില്ലാത്ത വീട്ടിൽ രാപാർക്കുവാൻ എനിക്ക് സാധിക്കില്ല.

പ്രാർത്ഥനയ്ക്ക് ഇത്ര പ്രാധാന്യമുണ്ടെന്ന് ഞങ്ങൾ അറിഞ്ഞില്ല. ഇന്നു മുതൽ ഞങ്ങൾ പ്രാർത്ഥന ആരംഭിക്കുന്നു. അങ്ങ് ഞങ്ങളോടു കൂടെ പാർക്കണം എന്നു കുടുംബനാഥൻ പറഞ്ഞു. അങ്ങനെ അവർ ഒരുമിച്ചിരുന്നു പാട്ടു പാടുകയും തിരുവെഴുത്തു ധ്യാനിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. അന്നു ആ കുടുംബം അത്യധികം സന്തോഷിച്ചു. ഇന്നു രാത്രിയിൽ പേമാരി പെയ്തതു ഈ കുടുംബത്തിന്റെ യഥാസ്ഥാനത്തിനാണല്ലോ എന്നോർത്തു ദൈവദാസൻ കർത്താവിനെ സ്തുതിച്ചു.

തിരുവെഴുത്തിൽ നാം ഇങ്ങനെ വായിക്കുന്നു; "ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കയും വേണം." (ആവ. 6:6,7). ദൈവ വചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പ്രാർത്ഥനാജീവിതത്തിന്റെ ആവശ്യകതയെക്കുറിച്ചും നാം അറിവുള്ളവരായിരിക്കണമെന്നും മക്കളെ ആ നിലയിൽ അഭ്യസിപ്പിക്കണമെന്നും തിരുവെഴുത്തു കല്പിക്കുന്നു. അനുഗ്രഹീതമായ കുടുംബജീവിതത്തിന് ജോലിയും പണവും മാത്രം പോരാ. വചനപഠനവും പ്രാർത്ഥനയും ആവശ്യമാണെന്നും തിരുവെഴുത്തു ഉദ്ധരിച്ച് ആ ദൈവദാസൻ അവർക്കു തെളിയിച്ചു കൊടുത്തു.

> ദൈവ വചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പ്രാർത്ഥനാജീവിതത്തിന്റെ ആവശ്യകതയെക്കുറിച്ചും നാം അറിവുള്ളവരായിരിക്കണമെന്നും മക്കളെ ആ നിലയിൽ അഭ്യസിപ്പിക്കണമെന്നും തിരുവെഴുത്തു കല്പിക്കുന്നു.

ശേഷം പേജ് 6 ▶

# വിശ്വാസ ഗോളത്തിലെ ചതിക്കുഴികൾ




ഡോ. സനീഷ് ചെറിയാൻ

**വി**ശ്വാസ വഞ്ചന, ചതിവ്, ദുഷ്ടത എന്നിവ പാപ സ്വഭാവത്തിന്റെ വിവിധ ഭാവങ്ങളാണ്. അതുകൊണ്ട് രക്ഷിക്കപ്പെട്ട ഒരു ദൈവപൈതൽ ആത്മീക ജീവിതത്തിന്റെ ആദ്യപടിയെന്ന നിലയിൽ ചതിവ് നീക്കിക്കളയണമെന്ന് ദൈവാത്മാവ് ഓർപ്പിക്കുന്നു. "ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ്...." (1 പത്രോ. 2:1). ദൈവവചനം എന്ന മായമില്ലാത്ത പാൽ കുടിക്കുന്നതിന് മുന്നോടിയായി ചെയ്യേണ്ട കാര്യമാണിതെന്നും തിരുവെഴുത്തു ഓർപ്പിക്കുന്നു.

വിശ്വാസ ഗോളത്തിൽ ചതിക്കുഴികൾ ഉണ്ടോ? ഉണ്ടെന്നാണ് അനുഭവങ്ങളിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നത്. ദൈവജനത്തിന്റെ ശ്രദ്ധയിലേക്കും അറിവിലേക്കുമായി ചില കാര്യങ്ങൾ വെളിപ്പെടുത്താനാഗ്രഹിക്കുന്നു. ഇങ്ങനെയൊക്കെ സംഭവിക്കുന്നുണ്ടോ എന്നു ചോദിച്ചാൽ വ്യക്തമായ ബോദ്ധ്യത്തിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിലാണീ വരികൾ കുറിക്കുന്നത്.

ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം തന്നെ വിശ്വാസമാണ്. കർത്താവിൽ വിശ്വസിക്കുന്നതോടൊപ്പം സഹവിശ്വാസികളെയും വിശ്വസിക്കാൻ കഴിയുന്ന ജീവിതമാണല്ലോ വിശ്വാസജീവിതം. സഹവിശ്വാസികളെ ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടു കൂടിയ പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ വർദ്ധിച്ചു വരുന്ന ഒരു കാലയളവാണിന്ന്. ശുശ്രൂഷകന്മാരുടെയിടയിലും വിശ്വാസികളുടെയിടയിലും ഈ പ്രവണത വർദ്ധിച്ചുവരുന്നു. മുൻകാലങ്ങളിൽ വളരെ വിരളമായി കണ്ടിരുന്ന ഈ പ്രതിഭാസം ഇന്നു സകല പരിധിയും വിട്ടു മുന്നേറുന്നതായി കാണുന്നു. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ വളർച്ചയും ആത്മീയ ശോഷണവും പെരുകിയപ്പോൾ ആത്മീക രംഗത്ത് പല വൈകൃതങ്ങളും വെളിപ്പെട്ടു തുടങ്ങി. ഈ ലേഖനത്തിൽ പറയുന്ന കാര്യങ്ങൾ എല്ലാ വിശ്വാസികളും ചെയ്യുന്നില്ല. ചുരുക്കം ചിലർ മാത്രമാണിതിൽ ഏർപ്പെട്ടിരിക്കുക. എന്നാൽ തിക്താനുഭവങ്ങൾ മറ്റുള്ളവർക്കും ഉണ്ടാകാം. ഒരു ജാഗ്രതാനിർദ്ദേശമായി മാത്രം ഇതിനെകാണുക. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്നാണല്ലോ പ്രമാണം.

മൊബൈൽ ഇന്നു സർവ്വസാധാരണമായ ഒരു വാർത്താവിനിമയ ഉപാധിയാണ്. ജീവിതത്തിന്റെ ഏതു തലത്തിലുമുള്ള ആളുകൾക്കും ഒഴിവാക്കാനാവാത്ത ഒരു വസ്തുവായി ചുരുങ്ങിയ കാലം കൊണ്ടു തന്നെ മൊബൈൽ രംഗപ്രവേശം ചെയ്തു. ഇന്നു വിശ്വാസികളും മൊബൈൽ ധാരാളമായി ഉപയോഗിക്കുന്നു. സ്മാർട്ടു ഫോണുകളാണ് പലരും ഉപയോഗിക്കുന്നത്. നല്ലത് തന്നെ. പിന്നെന്താണ് പ്രശ്നം? ചിലർ മൊബൈലിൽ വിളിച്ച് സഹോദരന്റെ സംഭാഷണങ്ങൾ മൊബൈലിൽ റെക്കോർഡ്

> ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം തന്നെ വിശ്വാസമാണ്. കർത്താവിൽ വിശ്വസിക്കുന്നതോടൊപ്പം സഹവിശ്വാസികളെയും വിശ്വസിക്കാൻ കഴിയുന്ന ജീവിതമാണല്ലോ വിശ്വാസജീവിതം. സഹവിശ്വാസികളെ ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടു കൂടിയ പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ വർദ്ധിച്ചു വരുന്ന ഒരു കാലയളവാണിന്ന്. ശുശ്രൂഷകന്മാരുടെയിടയിലും വിശ്വാസികളുടെയിടയിലും ഈ പ്രവണത വർദ്ധിച്ചുവരുന്നു.

ചെയ്തു വെക്കുന്നു. പിന്നീട് ആ സഹോദരനെതിരെ ഒരായുധമായി അതുപയോഗിക്കുന്നു. വേറെ ചിലർ സഹോദരനെ ഫോണിൽ വിളിച്ചതിനു ശേഷം (അദ്ദേഹത്തിന്റെ അറിവോ സമ്മതമോ ഇല്ലാതെ) അതു സ്പീക്കറിലിട്ടു മറ്റുള്ളവരെ കേൾപ്പിക്കുന്നു. വേറെ ചിലർ ഗ്രൂപ്പ് ഡയലിംഗ് സൗകര്യമുപയോഗിച്ച് സംഭാഷണങ്ങൾ ഒന്നിലധികം ആളുകളിലെത്തിക്കുന്നു. ഇത്തരം കാര്യങ്ങൾ പലരും ശ്രദ്ധിക്കാറില്ല. നാം പറയുന്ന ഓരോ വാക്കും നമുക്കെതിരെ ഒരായുധമായി നാളെ ഉയർന്നു വരാം. വിശ്വാസികളുടെയിടയിൽ വൈരാഗ്യവും ഭിന്നതയും വർദ്ധിപ്പിക്കുന്നതിന് മൊബൈൽ ദുരുപയോഗിക്കപ്പെടുന്നു എന്നു പറയുന്നതു ഈ കാര്യത്തിൽ വ്യക്തമായ ബോധ്യത്തോടെയാണ്. ആകയാൽ കൂട്ടുസഹോദരനെക്കുറിച്ചോ കുടുംബപ്രശ്നങ്ങളെക്കുറിച്ചോ മൊബൈലിൽ സംസാരിക്കുമ്പോൾ അല്പം സൂക്ഷിക്കുന്നതു നല്ലതാണ്. അല്ലാഞ്ഞാൽ ഒരു പക്ഷേ, അശ്രദ്ധയോടെ പറഞ്ഞു പോയ വാക്കു നാളെ നമുക്കൊരു കെണിയായിത്തീരാം.

അഭിമുഖ സംഭാഷണങ്ങൾ റെക്കോർഡു ചെയ്യുന്നതിലും ചിലർ സമർത്ഥരാണ്.മൊബൈലും പെൻഡ്രൈവ് പോലുള്ള റെക്കോർഡിംഗ് ഉപകരണവും കീശയിലിട്ട് നമ്മോടു സംസാരിച്ച്, നമ്മെ വാക്കിൽ പിടിക്കാൻ ശ്രമിക്കുന്നവരുണ്ട്. തങ്ങളുടെ പക്ഷം ന്യായീകരിക്കാൻ ഇതു തൊണ്ടിയായി ഉപയോഗിക്കപ്പെടുന്നു. “ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ സൽഗുണ പൂർത്തിയുള്ള പുരുഷൻ ആകുന്നു.” (യാക്കോ 3:2) എന്ന ദൈവാത്മ പ്രബോധനം നമുക്ക് ശിരസാ വഹിക്കാം. ഈ വാക്കുകൾ വായിക്കുന്ന താങ്കൾ ഒരു പക്ഷെ ഇങ്ങനെ ചെയ്യുന്നില്ലായിരിക്കാം. എന്നാൽ താങ്കളോടു സംസാരിക്കുന്ന വ്യക്തി അങ്ങനെ ചെയ്യാനുള്ള സാധ്യത ഉണ്ടെന്നോർക്കുക. പ്രത്യേകിച്ചും തെറ്റായ ഉപദേശങ്ങൾ പഠിപ്പിക്കുന്നവർ, സഹോദരവർഗ്ഗത്തെക്കുറിച്ച് പരദൂഷണം പറയുന്നവർ, സ്ഥലം സഭയോടു വിയോജിച്ചു നടക്കുന്നവർ. അല്പം ജാഗ്രത വലിയ രക്ഷയാണ്.

വിശ്വാസഗോളത്തിലെ മറ്റൊരു വഞ്ചനയാണ് സഹോദരന്മാരെക്കുറിച്ച് ഫയൽ സൂക്ഷിക്കുന്നത്. അല്പം പ്രയാസം ഉണ്ടായാൽ കൂട്ടുസഹോദരനെക്കുറിച്ച് സഭകൾക്കും വ്യക്തികൾക്കും മാസികകൾക്കും കത്തെഴുതുന്ന രീതി നമ്മുടെ മദ്ധ്യേയുണ്ടല്ലോ. അത്തരം കത്തുകൾ സൂക്ഷിച്ച് കൂട്ടു സഹോദരനെതിരെ ഒരായുധമായി ഉപയോഗിക്കുന്ന ചിലരുണ്ട്. ഇക്കൂട്ടരെ പേടിച്ചിരുന്നില്ലെങ്കിൽ നാളെ പുറത്താക്കപ്പെടും. ആകയാൽ കൂട്ടുവിശ്വാസികൾക്കെതിരായി കത്തുകൾ എഴുതി അയക്കുന്നതിന് മുമ്പ് രണ്ടുവട്ടം ആലോചിക്കുക. നാം അളക്കുന്ന അതേ അളവിനാൽ നമുക്കും അളന്നു കിട്ടുമല്ലോ. സഹവിശ്വാസികളിലെ നന്മയെക്കാളുപരി കുറവുകൾ ശേഖരിക്കാനുള്ള പ്രവണതയും ആത്മീകരംഗത്തെ മൂല്യച്യുതിക്കു മകുടോദാഹരണമാണ്.

വിശ്വാസഗോളത്തിലെ മറ്റൊരു വഞ്ചനയാണ് സഹോദരന്മാരെക്കുറിച്ച് ഫയൽ സൂക്ഷിക്കുന്നത്. അല്പം പ്രയാസം ഉണ്ടായാൽ കൂട്ടുസഹോദരനെക്കുറിച്ച് സഭകൾക്കും വ്യക്തികൾക്കും മാസികകൾക്കും കത്തെഴുതുന്ന രീതി നമ്മുടെ മദ്ധ്യേയുണ്ടല്ലോ. അത്തരം കത്തുകൾ സൂക്ഷിച്ച് കൂട്ടു സഹോദരനെതിരെ ഒരായുധമായി ഉപയോഗിക്കുന്ന ചിലരുണ്ട്. ഇക്കൂട്ടരെ പേടിച്ചിരുന്നില്ലെങ്കിൽ നാളെ പുറത്താക്കപ്പെടും.

അടുത്തയിടെ ഒരു കർത്തൃദാസന്റെ ജീവചരിത്രം വായിച്ചപ്പോൾ, താൻ വിശ്വാസ സമൂഹത്തിനു നൽകിയ സംഭാവനകളെക്കാൾ താൻ അഭിമൂഖീകരിച്ച പ്രശ്നങ്ങൾ നിഴലിച്ചു നിൽകുന്നതു കണ്ടു. ഫയൽ തെറ്റായ നിലയിൽ സൂക്ഷിക്കപ്പെട്ടതിന്റെ ഭവിഷ്യത്ത്. വരും തലമുറയ്ക്കു ചരിത്രമായി ലഭിക്കുന്ന വിവരം ഈ വിധം നെഗറ്റീവായിത്തീരുന്നു. വിശ്വാസജീവിതത്തിൽ കർത്താവിന്റെ മഹത്വം വിളിച്ചോതുന്ന ജീവിതവും രേഖകളുമായിരിക്കട്ടെ നമ്മുടേത്.

ശുശ്രൂഷാരംഗങ്ങളിൽ നിന്നും ശുശ്രൂഷകരെ പുറത്താക്കാനുള്ള ഒരു പ്രവണത കഴിഞ്ഞ ചില വർഷങ്ങളിൽ വിശ്വാസികളുടെയിടയിൽ വർദ്ധിക്കുന്നതായി കാണുന്നു. അല്പം അശ്രദ്ധകൊണ്ട് പ്രഗത്ഭരായ പല ശുശ്രൂഷകരും വേദി വിടേണ്ടിവന്നു. സഹപ്രവർത്തകനെ ഒടുക്കികളവാനുള്ള ഒരു ആഗ്രഹം ശുശ്രൂഷകരിൽ തന്നെ ഉണ്ടാകുന്നതു ശുഭകരമായ ഒന്നല്ല. ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണണമെന്ന കർത്തൃകല്പന ലംഘിക്കപ്പെടുന്നു. ആത്മീകശുശ്രൂഷാരംഗത്ത് ശോഭിക്കുന്നവർ തങ്ങളുടെ വാക്കുകളും ചുവടുകളും സസൂക്ഷ്മം കൈകാര്യം ചെയ്തില്ല എങ്കിൽ വലിയ വിപത്തിലാകും. കാരണം ഇതു ദുഷ്ക്കാലമാണ്.

ഗൃഹവിചാരകന്മാർ വിശ്വസ്തരായിരിക്കണം (1 കൊരി 4:2) എന്നതാണ് കർത്താവിന്റെ കല്പന. നമുക്ക് ദൈവസന്നിധിയിൽ വിശ്വസ്തരായിരിക്കാം.

ദൈവത്തെ പരിഹസിച്ചു കൂടാ, മനുഷ്യൻ വിതക്കുന്നതു തന്നെ കൊയ്യും (ഗലാ 6:7). ആകയാൽ എല്ലാ ചതിവും വ്യാജഭാവവും നീക്കിക്കളഞ്ഞു ദൈവവചനാനുസൃതം വിശ്വസ്തരായി ജീവിക്കാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.



# പ്രവചനം
## ക്രമീകൃത പഠനത്തിന്റെ ആവശ്യകത

ഡോ. ജോൺസൺ സി. ഫിലിപ്പ്

ക്രിസ്തീയ സഭയോടുള്ള ബന്ധത്തിൽ വളരെ പ്രധാനപ്പെട്ട പഠനവിഷയമാണ് പ്രവചനം. വേദപുസ്തക പ്രവചനപഠിതാക്കളും അധ്യാപകരും യേശുക്രിസ്തുവിന്റെ സത്വരമായ മടങ്ങിവരവിനെക്കുറിച്ചു പറഞ്ഞു കൊണ്ടിരിക്കുന്നു. യേശുക്രിസ്തുവിന്റെ പുനരാഗമനം ആസന്നമായി എന്ന പഠിപ്പിക്കൽ ജെ.എൻ. ഡാർബി, സി.ഐ. സ്കോഫീൽഡ് തുടങ്ങിയവരിലൂടെ ജനഹൃദയങ്ങളിൽ സ്വാധീനം ചെലുത്തി. സി.ഐ.സ്കോഫീൽഡ് തന്റെ റഫറൻസ് ബൈബിളിലൂടെ അവതരിപ്പിച്ച 7 യുഗങ്ങളുടെ പഠനം വളരെ ശ്രദ്ധേയമാണ്.

നാം ഇന്നു സഭായുഗത്തിലാണ് വസിക്കുന്നത്. ക്രിസ്തുവിന്റെ പുനരാഗമനത്തിലുള്ള പ്രത്യാശയാണ് ഈ കാലഘട്ടത്തിന്റെ പ്രത്യേകത. യേശുക്രിസ്തുവിന്റെ പുനരാഗമനത്തിനു രണ്ട് ഘട്ടങ്ങളുണ്ട്. ഒന്നാമതായി, സഭയുടെ ഉൽപ്രാപണം. തുടർന്നു ഏഴു വർഷത്തെ മഹോപദ്രവം. മഹോപദ്രവകാലത്തിന്റെ അവസാനത്തിങ്കൽ ക്രിസ്തു ആയിരം വർഷം ഈ ഭൂമിയിൽ ആക്ഷരികമായി വാഴും. ഈ കാലയളവിനെ സഹസ്രാബ്ദ വാഴ്ച എന്നു പറയുന്നു.

ആയിരമാണ്ടു വാഴ്ചയുടെ അവസാനത്തിൽ നിരവധി സംഭവങ്ങൾ നടക്കുന്നതായി തിരുവെഴുത്തിൽ കാണുന്നു. വെള്ള സിംഹാസനത്തിങ്കലുള്ള ന്യായവിധിയും പുതിയ ആകാശത്തിന്റേയും പുതിയ ഭൂമിയുടെയും സ്ഥാപനവും അവിടെ കാണുന്നു. തിരുവചനത്തിൽ കാണുന്ന ഈ ക്രമീകരണത്തിന്റെ വിവരണവും വിശദീകരണവും ഡാർബിയുടെയും സ്കോഫീൽഡിന്റെയും കാലം മുതൽ വളരെ പ്രാധാന്യത്തോടെ നടന്നു വരുന്നു. കേരളീയരായ വിശ്വാസികൾ പ്രവചനപഠനത്തിൽ പ്രത്യേക താൽപ്പര്യമുള്ളവരായിരുന്നു. തന്മൂലം പ്രവചനപണ്ഡിതരും, അദ്ധ്യാപകരും എഴുത്തുകാരും കേരളക്കരയിൽ ധാരാളമുണ്ടായി. ക്രിസ്തുവിന്റെ പുനരാഗമനത്തിനായി വിശ്വാസികൾ ഒരുങ്ങിയിരിക്കുവാനുള്ള പ്രബോധനവും പ്രോത്സാഹനവും അവർ നൽകി.

എന്നാൽ പ്രവചനത്തിന്റെ പേരിൽ ചില ഉപദേഷ്ടാക്കന്മാർ വിശ്വാസികളിൽ വൈകാരികമായി ആഘാതങ്ങൾ സൃഷ്ടിച്ച് തങ്ങളുടെ ചൊൽപ്പടിക്കു നിർത്താൻ ശ്രമിക്കുന്നു. പ്രവചനവിഷയങ്ങൾക്കു നിശ്ചിത കാലയളവ് നിശ്ചയിക്കുന്നവരാണ് ഇക്കൂട്ടർ. ബൈബിൾ ഈ നിലയിൽ കർത്താവിന്റെ വരവിനോടുള്ള ബന്ധത്തിൽ തീയതി നിശ്ചയിക്കുന്നതിനെതിരാണ്. ആ സമയം സംബന്ധിച്ച് ആർക്കും അറിവില്ലെന്നു വചനംവ്യക്തമാക്കുന്നു.' 'ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല." (മത്താ. 24:36).

മൃഗത്തിന്റെ 10 കൊമ്പുകളെ ഉദ്ധരിച്ചും തെറ്റായ വ്യാഖ്യാനങ്ങൾ ഇക്കൂട്ടർ നല്കുന്നു. 10 രാജ്യങ്ങൾ ഉൾപ്പെടുന്ന യൂറോപ്യൻ യൂണിയനെയാണ് മൃഗം സൂചിപ്പിക്കുന്നതെന്നു പറയുന്നവർ ധാരാളം. ഇന്നു യൂറോപ്യൻ യൂണിയനിൽ ഇതിന്റെ ഇരട്ടിയോളം രാജ്യങ്ങളുണ്ടെന്നതു സാമാന്യജനത്തിന് അറിവുള്ള കാര്യമാണ്. ആളുകളുടെ വികാരത്തെ വശീകരിച്ച് സ്വന്തം സാമ്രാജ്യങ്ങൾ പടുത്തുയർത്താനുള്ള ശ്രമമാണ് ഇത്തരം പ്രവചനവ്യാഖ്യാനികൾ ചെയ്യുന്നത്.

> പ്രവചനത്തിന്റെ പേരിൽ ചില ഉപദേഷ്ടാക്കന്മാർ വിശ്വാസികളിൽ വൈകാരികമായി ആഘാതങ്ങൾ സൃഷ്ടിച്ച് തങ്ങളുടെ ചൊൽപ്പടിക്കു നിർത്താൻ ശ്രമിക്കുന്നു. പ്രവചനവിഷയങ്ങൾക്കു നിശ്ചിത കാലയളവ് നിശ്ചയിക്കുന്നവരാണ് ഇക്കൂട്ടർ.

ദൈവവചനം കർശനമായി വിലക്കുന്ന കാര്യങ്ങളിൽ രസിക്കുന്നതാണവർക്കിഷ്ടം. പ്രശസ്തിയാഗ്രഹിക്കുന്ന ഇവർ യേശുക്രിസ്തുവിന്റെ പുനരാഗമനത്തിന് ഓരോ തിയതി നിശ്ചയിക്കുന്നു. ചിലർ 2010 സെപ്റ്റംബർ 10-നു കർത്താവു സഭയെ ചേർക്കാൻ വരും എന്നതുപോലെ കൃത്യമായ തിയതി പറയുന്നു. ചിലർ അതു വിശ്വസിച്ച് ആകാംക്ഷയോടെ കാത്തിരിക്കുകയും ചെയ്തു. റിച്ചാർഡ് നിക്സൻ, മാവോട്സേ തുംഗ് പോലുള്ള ആളുകൾ അന്തിക്രിസ്തുക്കളാണെന്നു പറയാനും ഇക്കൂട്ടർ തയ്യാറായി.

ഇത്തരം പ്രവാചകന്മാർ പറഞ്ഞ തിയതികളിൽ കർത്താവ് വരാതിരുന്നതിനാൽ കള്ള പ്രവചനമാണെന്നു തെളിഞ്ഞു. റിച്ചാർഡ് നിക്സനെ പോലുള്ളവർ അന്തിക്രിസ്തു തങ്ങളെന്നു പ്രഖ്യാപിക്കാതെ മരിച്ചുപോയതിനാൽ അത് കള്ളപ്രവചനമാണെന്നു തെളിഞ്ഞു. ഇത്തരം കള്ളപ്രവചനങ്ങളുടെ ഫലമെന്നതു ഈ പ്രവചനങ്ങളുടെ നിഷ്ക്രിയത്വം കണ്ട ചെറുപ്പക്കാർ വേദപുസ്തക പ്രവചനങ്ങളുടെ വിശ്വാസ്യതയെ ചോദ്യം ചെയ്തു തുടങ്ങിയിരിക്കുന്നു എന്നതാണ്. പ്രവചനം ക്രമീകൃതമായി പഠിച്ചവരും പഠിപ്പിച്ചവരും ഇത്തരം അബദ്ധങ്ങൾ ആളുകളെയിളക്കാൻ പറഞ്ഞിട്ടില്ലെന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രവചനരംഗത്തു ചുരുക്കം ചിലർ മാത്രമാണ് ദോഷകരമായ പ്രവണതകൾ കാണിച്ചിട്ടുള്ളത്.

1960-70 കാലഘട്ടത്തിൽ വൈകാരിക പ്രവാചകർ കർത്താവ് എഴുപതുകളുടെ അവസാനത്തിൽ വരുമെന്നു പ്രചരിപ്പിച്ചു. പലരും തങ്ങളുടെ തൊഴിലുപേക്ഷിച്ച് കർത്താവിന്റെ വരവിനു വേണ്ടി കാത്തിരുന്നു. കഷ്ടത നിറഞ്ഞ ജീവിത സാഹചര്യങ്ങളിൽ നിന്ന് ഒളിച്ചോടാൻ ആഗ്രഹിച്ചവർക്ക് ഇത്തരം വൈകാരിക പ്രവചനങ്ങൾ സ്വീകാര്യമായതിനാൽ അതിശയിക്കാനില്ല. കർത്താവിന്റെ വരവിനെപ്രതീക്ഷിച്ച് അലസരായിരുന്ന ആളുകൾ ജീവിതത്തിൽ നിരാശരായി വേദപുസ്തക പ്രവചനങ്ങളെയെല്ലാം നിഷേധിക്കുന്ന അവസ്ഥയിലെത്തി.

പ്രവചനം എന്നതു മാനുഷിക ബുദ്ധിയിൻ പ്രകാരം തിയതി നിശ്ചയിക്കാവുന്ന കാര്യമല്ല. വേദപുസ്തക പ്രവചനംപ ഠിപ്പിക്കുന്നവർഉ ക്കാര്യം( പത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതേ സമയം, പ്രവചനത്തിനു തിരുവെഴുത്തു പ്രാധാന്യം നൽകുന്നതു കൊണ്ട് ആ ഗൗരവത്തോടെ പ്രവചനം ക്രമീകൃതമായി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം.

പ്രവചനം ഒരു നേരംപോക്കല്ല. മനുഷ്യനോടുള്ള ദൈവിക സന്ദേശത്തിന്റെ സുപ്രധാനഭാഗം അതിലുണ്ട്. ആകയാൽ പ്രവചനങ്ങളെ ദൈവജനം പ്രത്യേകം ശ്രദ്ധിക്കണമെന്നും പൊരുൾ വസ്തുനിഷ്ഠമായി മനസ്സിലാക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു.

പ്രവചനങ്ങളെ വൈകാരികമായി അവതരിപ്പിക്കുന്നവരെ സ്ഥിരമായി ശ്രദ്ധിക്കുകയും, അവരുടെ പുസ്തകങ്ങൾ വായിക്കുകയും ചെയ്താൽ വഴിതെറ്റിപ്പോകാനുള്ള സാധ്യത ഏറെയാണ്. കേൾവിക്കാരെ തനിക്കനുകൂലമായ നിലയിൽ വാചകകസർത്തിലൂടെ വശീകരിക്കുന്ന പ്രവണത പ്രവചന വ്യാഖ്യാനികളിൽ ഉള്ളതുകൊണ്ട് ദൈവമക്കൾ സൂക്ഷിക്കണം.

പ്രവചനം ക്രമീകൃതമായി പഠിക്കുന്നതും, പഠിപ്പിക്കുന്നതും നമ്മുടെ ആത്മീക വർദ്ധനയ്ക്കു മുഖാന്തരമാകും. വചനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് പ്രവചനം ക്രമീകൃതമായി വ്യഖ്യാനിക്കേണ്ടത് ആരോഗ്യകരമായ വേദപഠനത്തിന് അനുപേക്ഷണീയമാണ്.

●

2-ാം പേജിൽ നിന്നും ......

## കുടുംബപ്രാർത്ഥന
### മുടങ്ങിയിട്ടുണ്ടോ?



പ്രിയ സഹോദരിമാരേ,, നമ്മുടെ ഭവനങ്ങളിൽ കുടുംബപ്രാർത്ഥന ഉണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ അത് ആരംഭിക്കണം. കാരണം കുടുംബ പ്രാർത്ഥന എന്നതു കുടുംബത്തിന്റെ ഐക്യതയ്ക്കും ദൈവിക അനുഗ്രഹങ്ങൾക്കും ഒഴിച്ചു കൂടാനാവാത്ത ഒന്നാണ്. കുടുംബപ്രാർത്ഥന നയിക്കേണ്ടതു കുടുംബനാഥനാണെങ്കിലും അതിനനുകൂലമായ സാഹചര്യം ഭവനാന്തരീക്ഷത്തിൽ ഒരുക്കേണ്ടതു നമ്മുടെ കടമയാണ്.

കർത്താവ് ഈ ലോകത്തിലായിരുന്നപ്പോൾ തന്റെ ശിഷ്യന്മാരോടു പറഞ്ഞു. ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല. അപേക്ഷിപ്പിൻ എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകും വണ്ണം നിങ്ങൾക്കു ലഭിക്കും.” (യോഹ. 15:23). അല്പം ഉദാസീനത വലിയ അനുഗ്രഹങ്ങൾ നഷ്ടമാക്കും. ആകയാൽ നമുക്ക് ഉത്സുകരായി എഴുന്നേല്ക്കാം. പ്രാർത്ഥനയിൽ ജാഗരിക്കാം.

●

# വേർപാട് ന്യൂസ്

## സ്തോത്രശുശ്രൂഷയും സ്നാനവും

**ഇടുക്കി** : വണ്ടിപ്പെരിയാറിലെ ദൈവജനത്തിന്റെ ദീർഘനാളത്തെ ആഗ്രഹത്തിന്റെയും പ്രാർത്ഥനയുടേയും ഫലമായ സഭാഹാളിന്റെ സ്തോത്ര ശുശ്രൂഷ 2012- ഏപ്രിൽ മാസം 5-ാം തീയതി അനേകം ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ ബ്രദർ എം.എ. മാത്യു മട്ടയ്ക്കൽ പ്രാർത്ഥിച്ച് ബ്രദർ എ.ഡി. തോമസ് ആലയം തുറക്കുകയും ബ്രദർ അലക്സ് ബേബി ദൈവകരങ്ങളിൽ സമർപ്പിച്ച് ഉദ്ഘാടനശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു. സുവി. ചാണ്ടപ്പിള്ള ഫിലിപ്പ് മുഖ്യസന്ദേശം നൽകിയ യോഗത്തിൽ ബ്രദർ പി.ഐ. പുന്നൂസ് കല്ലിശ്ശേരി അദ്ധ്യക്ഷത വഹിച്ചു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ദൈവദാസന്മാർ വിവിധ ശുശ്രൂഷകളിൽ സഹകരിച്ചു.

7-ാം തീയതി നടന്ന സ്നാനശുശ്രൂഷ സുവി. എ. മാത്തുകുട്ടി നിർവ്വഹിച്ചു. തുടർന്നും വണ്ടിപ്പെരിയാറിലെ പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിച്ചാലും

എന്ന് സഭയ്ക്കുവേണ്ടി സഹോദരന്മാർ

പ്രമോദ് വർഗ്ഗീസ്          ബേബി വെണ്ണാശ്ശേരി

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**മലാങ്കടവ്** : ഈ സ്ഥലം സഭയോട് ചേർന്ന് അനേക നാളുകളായി കർത്താവിന്റെ വേലയിലും, സഭയുടെ ശുശ്രൂഷകളിലും വളരെ പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്ന സഹോദരനാണ് ബേബിച്ചൻ കീമറ്റം. തനിക്ക് ഭാര്യയും, എസ്.എസ്.എൽ.സിയും, 8-ാം ക്ലാസ്സും 5-ാം ക്ലാസ്സും കഴിഞ്ഞ 3 മക്കളുണ്ട്.

താൻ കണ്ണൂർ ജില്ലയിൽ പേരാവൂർ എന്ന സ്ഥലം കേന്ദ്രമാക്കി നിടുംപൊയിൽ, പൂളക്കുറ്റി, നെടുപുറംചാൽ, കൊളക്കാട്, തുണ്ടിയിൽ, ഓടൻതോട്, മണത്തണ, മാലൂർ, തോലമ്പ്ര, പെരുമ്പുന്ന എന്നീ സ്ഥലങ്ങളിലുംപ രിസരപ്രദേശങ്ങളിലുംക ാസർകോഡ് ജില്ലയിലെ സുവിശേഷകന്മാരായ ചില സഹോദരന്മാരുടെ സഹകരണത്തോടെ, സ്ഥലം സഭ ലക്ഷ്യമാക്കി ഏകദേശം 2 വർഷക്കാലമായി ഒരു പ്രവർത്തനം നടത്തിവരുന്നു.

എന്നാൽ 2012 ഏപ്രിൽ മാസം മുതൽ ഒരു വീട് വാടകയ്ക്ക് എടുത്ത് താൻ കുടുംബമായി പേരാവൂര് താമസിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. പ്രിയ സഹോദരന്റെ പ്രവർത്തനത്തെയും, തന്റെ ശുശ്രൂഷകളെയും കർത്താവ് ധാരാളം അനുഗ്രഹിക്കുവാൻ ദൈവജനത്തിന്റെ പ്രാർത്ഥന അപേക്ഷിച്ചുകൊള്ളുന്നു.

എന്ന് സഭയ്ക്ക് വേണ്ടി

പി.എ. രാജു പരിപ്പുതടത്തിൽ,<br>
കെ.ജെ. തോമസ് കാവുങ്കൽ,<br>
തോമസ് തെക്കേക്കര

പുതിയ വിലാസം

Babychan Keemattam, Bethanya Bhavan<br>
Peravur P.O., Kannur - 670673

## ഹരിയാനയിൽ ഫാമിലി കോൺഫറൻസ്

**ഗുർഗാവോൻ** : ദൈവഹിതമായാൽ ഹരിയാനാ ബ്രദറൺ ഫാമിലി കോൺഫറൻസ് 2012 നവംബർ 12-15 തീയതികളിൽ നടക്കുന്നതാണ്. രാജൻ തോമസ് (ബഹറിൻ), ശമുവേൽ ഏബ്രഹാം (ഷാർജ), സുനിൽ ആൽബർട്ട് (ഔറംഗബാദ്), ശമുവേൽ ബി തോമസ് (മധുര), ജോർജ്ജ് ഡോസൺ (ഡൽഹി) എന്നിവർ ക്ലാസ്സുകൾ എടുക്കും. സഹോ. എഡ്വിൻ പോളിന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നടക്കും. കൂടുതൽ വിവരങ്ങൾക്ക്

എഡ്വിൻ പോൾ, 09899017113

## ഡോക്ടറെ ആവശ്യമുണ്ട്

**ബാംഗ്ലൂർ** : എയ്ഡ്സ് ബാധിതരുടെ ക്ഷേമത്തിനായി ബ്രദറൺ സഭാചുമതലയിൽ നടത്തപ്പെടുന്ന ACCEPT മിനിസ്ട്രിയിലേക്ക് സമർപ്പണമുള്ള ഡോക്ടർമാരെ ആവശ്യമുണ്ട്. പൂർണ്ണസമയമോ ഭാഗീക സമയമോ (4 മണിക്കൂർ) സേവനം ചെയ്യാൻ താല്പര്യമുള്ളവർ ഉടൻ ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് രാജു കെ. മാത്യു (09448619619) rajujoyce@gmail.com

## ഫിബാ കോൺഫറൻസ് ആഗസ്ത് 2-5 വരെ

**അറ്റ്ലാന്റാ** : വർഷം തോറും നടന്നു വരാറുള്ള ഫിബാ കോൺഫറൻസ് 2012 ആഗസ്റ്റ് 2-5 വരെ

തിയതികളിൽ അറ്റ്ലാന്റാ എയർപോർട്ടിനടുത്തുള്ള റിണയസൻസ് കോൺകോഴ്സിൽ വച്ച് നടക്കും. സഹോ. ജോർജ്ജ് വെർവർ മുഖ്യാതിഥി ആയിരിക്കും. ഈ കോൺഫറൻസിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## ഒറീസാ ബ്രദറൺ അസംബ്ലി ജൂബിലി മീറ്റിംഗ് ഒക്ടോബർ 22 – 25 വരെ

**ഒറീസ്സാ** : ദൈവഹിതമായാൽ ഒറീസ്സയിലെ ബ്രദറൺ അസംബ്ലി പ്രവർത്തനങ്ങളുടെ ജൂബിലി മീറ്റിംഗ് 2012 ഒക്ടോബർ 22 മുതൽ 25 വരെ തീയതികളിൽ ഖൊർദാ കാർമേൽ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നടക്കും. സഹോ. ജോൺ കുര്യൻ, ഷാലു ടി. നൈനാൻ, തോംസൺ ബി. തോമസ്, എ.ജി. ജേക്കബ് എന്നിവർ വചനം ശുശ്രൂഷിക്കുന്നതാണ്. കോൺഫറൻസിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. കൂടുതൽ വിവരങ്ങൾക്ക് സി.പി. മാത്യു – 09437630568.

## നേപ്പാളിൽ പുതിയ സഭാകൂടിവരവ്

**ഇറ്റാഹരി:** സുവി. സാം ജി ജോണും കുടുംബവും കഴിഞ്ഞ 14 വർഷങ്ങളായി ഹിമാലയൻ രാജ്യമായ നേപ്പാളിൽ മിഷണറി പ്രവർത്തനം ചെയ്തു വരികയാണ്. 1999ൽ ധരനിൽ (കിഴക്കൻ നേപ്പാൾ) ഒരു സഭാകൂടിവരവ് ആരംഭിച്ചു. തുടർന്നു ഇറ്റാഹരിയിലും പ്രവർത്തനം ചെയ്തു വന്നു. തത്ഫലമായി 2011 മെയ്മാസത്തിൽ ബൈബിൾ ക്ലാസ് ആരംഭിക്കുവാനും 2012 മെയ് 19 നു പുതിയ നിയമ മാതൃക പ്രകാരമുള്ള കൂടിവരവ് ആരംഭിക്കുവാനും കർത്താവ് കൃപ ചെയ്തു. തുടർന്നും നേപ്പാളിൽ സഹോ. സാം ജി. ജോണും കുടുംബവും ചെയ്തുവരുന്ന ശുശ്രൂഷകളെ പ്രാർത്ഥനയിൽ ഓർക്കണമേ.

## രാജസ്ഥാൻ ബ്രദറൺ അസംബ്ലി യൂത്ത് ക്യാമ്പ്

**ജയ്പൂർ** : ദൈവഹിതമായാൽ രാജസ്ഥാൻ ബ്രദറൺ അസംബ്ലി യൂത്ത് ക്യാമ്പ് 2012 ഒക്ടോബർ 20–23 തീയതികളിൽ സംഗനീറിൽ (ജയ്പൂർ) വെച്ചു നടക്കും. ഉയരത്തിലുള്ളതു അന്വേഷിപ്പിൻ" (കൊലോ 3:1) എന്നതാണ് ക്യാമ്പ് തീം. സഹോ. ജോൺ പി. തോമസ്, ഏബ്രഹാം തോമസ് (കൊച്ചി), സ്റ്റീഫൻ ചെറിയാൻ എന്നിവർ ക്ലാസ്സുകളെടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് : ജോയി കെ.എസ്. 09785546525

## മഹത്വത്തിൽ

**പത്തനാപുരം** : സഹോദരി എബി ജോയ് (49) 2012 മെയ് 13–നു സ്ട്രോക്കിനെ തുടർന്നു മഹത്വത്തിൽ ചേർക്കപ്പെട്ടു. മൃതദേഹം മെയ് 14–നു കലഞ്ഞൂർ ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**സേലം** : സുവി. കെ.വി. ശമുവേൽ (83) മെയ് 21–നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 22–നു സംസ്ക്കരിച്ചു.

**മിഷിഗൺ** : സഹോ. റോയ് ജേക്കബ് (55) 2012 മെയ് 14–നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.മൃതദേഹം മെയ് 19–ന് സംസ്ക്കരിച്ചു

**തൃശ്ശൂർ** : സഹോദരി. മേരി ആന്റണി (63) മെയ് 10–നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 12 നു സീയോൻ ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

## സഭാഹാളിനുള്ള അഭ്യർത്ഥന

തിരുവനന്തപുരം ജില്ലയിൽ ചിറയിൻ കീഴ് എന്ന സ്ഥലം ഹൈന്ദവവിശ്വാസികളുടെ അതിപ്രധാനമായ ഒരു ക്ഷേത്രം നിലനിൽക്കുന്ന സ്ഥലമാണ്. ഈഴവ സമുദായത്തിന്റെ പ്രധാനതീർത്ഥാടനക്ഷേത്രമായ വർക്കലയും ശ്രീനാരായണഗുരു സമാധിസ്ഥലവും ചിറയിൻ കീഴിനടുത്തു സ്ഥിതി ചെയ്യുന്നു. ഹൈന്ദവരും മുസ്ലീങ്ങളും തിങ്ങിപ്പാർക്കുന്ന ഈ സ്ഥലത്ത് ക്രൈസ്തവർ ഒരു ന്യൂനപക്ഷമാണ്. സുവിശേഷ വിഹിതസഭകൾ തുലോം വിരളമാണ്. അബുദാബി ബ്രദറൺ സഭയിൽ കർത്താവിനെ ആരാധിച്ചു വന്ന സഹോ. അനിൽകുമാർ തന്റെ ജോലി വിട്ട് കർത്താവിന്റെ വിളി അനുസരിച്ച് മാതൃസ്ഥലമായ ചിറയിൻ കീഴിൽ 2007–ൽ എത്തിച്ചേർന്നു. തുടർന്ന് കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ ബൈബിൾ പഠനം കഴിഞ്ഞ് ചിറയിൻകീഴിലും പരിസരത്തും കർത്തൃവേലയിൽ വ്യാപൃതനായിരിക്കുന്നു.

ഈ പ്രവർത്തനത്തെ കർത്താവ് ധാരാളമായി അനുഗ്രഹിച്ചതിന്റെ ഫലമായി 35–ൽ അധികം സഹോദരി സഹോദരന്മാർ വേർപെട്ടുവരികയും അവരിൽ 22 പേർ കർത്തൃമേശയിൽ സംബന്ധിക്കുകയും ചെയ്യുന്നു. ഇപ്പോൾ ഒരു ചെറിയ വാടക കെട്ടിടത്തിലാണ് ആരാധന നടക്കുന്നത്. ഇവിടെ ഒരു സ്ഥലം വാങ്ങി സഭാഹാൾ പണിയുക എന്നത് അവിചിന്തനീയമായ വിഷയമായിരിക്കുന്നു. സ്ഥല ലഭ്യത, ഉയർന്നവില, സാമ്പത്തിക പരാധീനത തുടങ്ങിയവ ഒരു പരിധി വരെ ഇതിനു തടസ്സമാണ്. എന്നാൽ കർത്താവ് ഒരുക്കിയ വഴികൾക്കായി ദൈവത്തെ സ്തുതിക്കുന്നു. ഒരു ഹൈന്ദവ സ്നേഹിതൻ തനിക്കുള്ള 9.5 സെന്റ് സ്ഥലം സെന്റിന് 1.70 ലക്ഷം രൂപയ്ക്കു തരാമെന്നു സമ്മതിച്ചിരിക്കുന്നു. സഭയ്ക്കു ആവശ്യമുള്ള 4.5 സെന്റ് സ്ഥലം കഴിച്ച് ബാക്കി സ്ഥലം ദൂരെ സ്ഥലത്തുള്ള വിശ്വാസിയായുള്ള ഒരു സഹോദരൻ വാങ്ങിച്ചു സഹായിക്കാമെന്നു സമ്മതിച്ചിട്ടുണ്ട്. (വസ്തു ഉടമ സ്ഥലം ഒന്നായി മാത്രമേ വിൽക്കുകയുള്ളൂ.) ഈ പ്രദേശത്തെ വിലനിലവാരം അനുസരിച്ച് സെന്റിന് 4 ലക്ഷം രൂപാ വരെ വിലയാകുന്ന

സ്ഥലമാണ് നമുക്കു ലഭ്യമായിരിക്കുന്നത്. ഈ സ്ഥലം സ്റ്റ്യുവാർഡ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ പേരിൽ വാങ്ങിച്ച് ആരാധനാലയം പണിയണമെന്ന് വളരെ പ്രാർത്ഥനയോടെ ആഗ്രഹിക്കുന്നു.

1.25 ലക്ഷം രൂപാ അഡ്വാൻസ് നൽകി ധാരാണാപത്രം എഴുതിയിട്ടുണ്ട്. 4 മാസത്തെ കാലാവധിക്കുള്ളിൽ ബാക്കി 6.75 രൂപാ ഉണ്ടാകേണ്ടിയിരിക്കുന്നു. ആയതിലേക്ക് ചിറയിൻ കീഴ് എസ്.ബി.റ്റി ബാങ്കിൽ എം. അനിൽകുമാർ, ആർ. ശശികുമാർ എന്നീ പേരുകളിൽ SB A/c No. 67050788130 (IFS No. SBTR0000044) തുറന്നിട്ടുണ്ട്. ഈ പ്രവർത്തനത്തിന്റെ പ്രാധാന്യവും സ്ഥലത്തിന്റെ പ്രത്യേകതകളും കണക്കിലെടുത്ത് ദൈവമക്കൾ സാമ്പത്തിക സഹായം നൽകി സഹകരിക്കണമെന്ന് കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു.

സഭയ്ക്ക് വേണ്ടി
ക്രിസ്തുവിൽ എം. അനിൽകുമാർ, എം. സിൽവ,
ആർ. റൈസൺ

മേൽകാണിച്ച വിവരങ്ങൾ സത്യമാണ്. ചിറയിൻകീഴിൽ ഈ പ്രവർത്തനം മുന്നോട്ടു പോകാൻ സഭാഹാൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ദൈവമക്കൾ സഹകരിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

സുവി. കൃഷ്ണൻകുട്ടി തിരുവട്ടാർ, കെ.എ. ഫിലിപ്പ് സാർ മൈലപ്ര, പി.ഇ. സാംകുട്ടി, കുമ്പനാട്

വിലാസം

എം. അനിൽകുമാർ
പ്രത്യാശ, ശാർക്കര, ചിറയിൻകീഴ് പി.ഒ.
പിൻ : 695304, തിരുവനന്തപുരം ജില്ല
മൊബൈൽ : 9846719372

## പ്രാർത്ഥനയ്ക്കും സഹകരണത്തിനും

**മണ്ണൂത്തി :** ദൈവകൃപയാൽ മണ്ണുത്തി ബ്രദറൺ സഭയുടെ പ്രവർത്തനങ്ങൾ വളരെ അനുഗ്രഹകരമായി നടന്നു വരുന്നു. ദൈവമക്കളുടെ പ്രാർത്ഥനയ്ക്കും സഹകരണത്തിനും ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

മണ്ണുത്തി സഭയ്ക്ക് അഞ്ചര സെന്റ് സ്ഥലം വാങ്ങുവാൻ ഇടയായി. പ്രാർത്ഥനയിൽ ഓർത്തവരോടും സാമ്പത്തികമായി സഹായിച്ച എല്ലാ പ്രിയപ്പെട്ടവരോടും സഭയായി നന്ദിയെ അറിയിച്ചുകൊള്ളുന്നു. തുടർന്ന് ഒരു ഹാൾ അത്യാവശ്യമായിരിക്കുന്ന വിവരം പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി അറിയിച്ചുകൊള്ളുന്നു.

14.04.2012-ൽ അഞ്ചുപേരുടെ സ്നാനം നടന്നു. മൂന്നുപേർ മറ്റ് ക്രിസ്തീയ വിഭാഗത്തിൽ നിന്നും രണ്ടുപേർ സഭയിൽ നിന്നും. ദൈവദാസന്മാരുടെ സാന്നിധ്യത്തിൽ ബ്രദർ വിൽസൻ ജോർജ്ജ് (മണ്ണുത്തി) സ്നാനശുശ്രൂഷ നിർവ്വഹിച്ചു. ഇവിടെയുള്ള പ്രവർത്തനങ്ങളെയും സഭയെയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

എന്ന്

മണ്ണുത്തി ബ്രദറൺ ചർച്ചിനുവേണ്ടി

വി.റ്റി. ജോൺസൺ, ടി.ബി. ജോൺസൺ

## പ്രാർത്ഥനയ്ക്ക്

**തെള്ളിയൂർ :** ഈ സഭാംഗമായ സഹോദരി കുഞ്ഞുമോൾ തോമസ് കഴിഞ്ഞ 16 വർഷത്തിനു മുമ്പ് ഹൃദയവാൽവിന് ഓപ്പറേഷൻ കഴിഞ്ഞതാണ്. 10 വർഷത്തെ ഗ്യാരണ്ടിയാണ് പറഞ്ഞിരുന്നത്. ദൈവമക്കളുടെ പ്രാർത്ഥനയാൽ ക്ഷേമത്തോടെ കഴിയുകയായിരുന്നു. കഴിഞ്ഞ ഒരു വർഷമായി വിവിധങ്ങളാകുന്ന പ്രയാസങ്ങളാൽ വളരെ ഭാരപ്പെടുന്നു. 2012 ജൂൺ 15-ന് വീണ്ടും ഒരു ഓപ്പറേഷൻ ചെയ്യുവാൻ തിരുവനന്തപുരം ശ്രീചിത്രാമെഡിക്കൽ ആശുപത്രിയിൽ നിർദ്ദേശിച്ചിരിക്കുകയാണ്, സാമ്പത്തീക ബുദ്ധിമുട്ടുള്ള ഈ കുടുംബത്തിന് ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ചുകൊള്ളുന്നു.

സാമ്പത്തിക സഹായം അയക്കുവാനാഗ്രഹിക്കുന്നവർ ചുവടെ ചേർക്കുന്ന വിലാസത്തിൽ അയക്കുക

ടി.സി. തോമസ് കുട്ടി
മുതിരക്കാലയിൽ വീട്, തെള്ളിയൂർ പി.ഒ. വരിയ്ക്കാനിക്കൽ - 689 544

## വൈ. എം. ഇ. എഫ്. തൃശ്ശൂർ യൂണിറ്റിനു പുതിയ ഭാരവാഹികൾ

ദൈവത്തിന്റെ അളവറ്റ കൃപയാൽ YMEF Thrissur Unit ഏകദിനസമ്മേളനം സിയോൻ ബ്രദറൺ ചർച്ച് നെല്ലിക്കുന്നിൽ വളരെ അനുഗ്രഹകരമായി നടന്നു. ഏകദേശം 240ഓളം സഹോദരിസ ഹോദരന്മാർപ ങ്കെടുത്തു.െ ദൈവഭയം എന്ന വിഷയത്തോടുള്ള ബന്ധത്തിൽ ബ്രദർ പി.ജി. ജെയിംസ് തണ്ണിത്തോട് അനുഗ്രഹീതമായ ദൂതുകൾ നൽകി.

പ്രസ്തുത സമ്മേളനത്തിൽ 2012- 2013 വർഷത്തേക്കുള്ള ഭാരവാഹികളെയും കമ്മിറ്റിയംഗങ്ങളെയും തെരഞ്ഞെടുത്തു. താഴെപറയുന്ന സഹോദരന്മാരെ ഉത്തരവാദിത്വങ്ങൾ ഏല്പിച്ചു.

**പ്രസിഡന്റ് :**
പി.സി. റെജി, മാന്ദാമംഗലം

**വൈസ്പ്രസിഡന്റ് :**
എം.സി. ജോർജ്ജ്, ചേലേക്കോട്ടുകര

**സെക്രട്ടറി :**
വി.എ. ജോസഫ്, താളിക്കുണ്ട്

**ജോ. സെക്രട്ടറി :**
ടി.എ. ജോൺ, വരാക്കര

**ട്രഷറർ :**
ബോബി ചാക്കോ, കിഴക്കേകോട്ട

**പ്രെയർ കോർഡിനേറ്റർ :**
ജോഷി ജോൺ സി., നെല്ലിക്കുന്ന്

തുടർന്നും YMEF തൃശ്ശൂർ യൂണിറ്റ് പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും

എന്ന്

സെക്രട്ടറി, വി.എ. ജോസഫ്

## എസ്.ബി.എസ്. സ്പെഷ്യൽ ക്യാമ്പ് ആഗസ്റ്റ് 1 മുതൽ 4 വരെ

**പുത്തൻകാവ് :** വിദേശ രാജ്യങ്ങളിൽ നിന്നും അവധിക്കാലത്ത് നാട്ടിലെത്തുന്ന മാതാപിതാക്കൾക്കും മക്കൾക്കും വേണ്ടി സുവിശേഷകൻ ബാലസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സ്പെഷ്യൽ ക്യാമ്പ് ദൈവഹിതമായാൽ 2012 ആഗസ്റ്റ് 1-4 വരെ തിയതികളിൽ നടക്കും. സഹോ. കെ. ഫിലിപ്പ് കുട്ടി (യു.എ.ഇ.) ക്യാമ്പ് ഉദ്ഘാടനം ചെയ്യും. സഹോ. റോയ് മാത്യൂസ് (ദോഹ), സാം ജോയ് (ദോഹ) തുടങ്ങിയ സഹോദരന്മാർ ഉദ്ഘാടനസമ്മേളനത്തിൽ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കും. സഹോദരന്മാരായ ശമുവേൽ തോമസ് (മധുര), ഏബ്രഹാം ജോൺ (യു.എസ്.എ.). ഡോ. ജോൺസൺ സി. ഫിലിപ്പ്, ഡോ. ജോൺ ഏബ്രഹാം, ജോയി ജോൺ, ഫിലിപ്പ് കുട്ടി, ജിം മാത്യു, ഏബ്രഹാം തോമസ് (പുല്ലാട്) എന്നിവർ ക്ലാസ്സുകൾ എടുക്കുന്നതാണ്. ശരിയായ ചിന്തകൾ, ശരിയായ തെരഞ്ഞെടുപ്പുകൾ, ശരിയായ ജീവിതം എന്നതാണ് ക്യാമ്പ് തീം. ക്യാമ്പിന് നിശ്ചിത ഫീസില്ല. സംഭാവനകൾ ചുവടെ ചേർക്കുന്ന വിലാസത്തിൽ അയച്ചാലും. ക്യാമ്പിന്റെസ ുഗമമായന ടത്തിപ്പിനുേ വണ്ടി ദൈവമക്കൾ പ്രാർത്ഥിക്കണമേ.

K.M. Johnson, (Treasurer)
Kappamammottil, Kandenperoor,
Thiruvalla,
Mob : 9447363991

കൂടുതൽ വിവരങ്ങൾക്കു -ബിനു ശാമുവേൽ - 9544374527

## സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും

**അറയ്ക്കപ്പടി :** പ്രിയരെ, കഴിഞ്ഞ ഏപ്രിൽ 18-22 വരെ ദിവസങ്ങളിൽ അറയ്ക്കപ്പടിയിൽ നടന്ന സുവിശേഷ യോഗങ്ങൾ വളരെ അനുഗ്രഹകരമായി നടന്നു. ബ്രദർ ജോൺ പി. തോമസ് (എറണാകുളം) ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം) വചനം ശുശ്രൂഷിച്ചു. വാളകം ഇ.ജി.എം. ടീം സംഗീത ശുശ്രൂഷ നിർവ്വഹിച്ചു. സമീപ സ്ഥലങ്ങളിലെ സഭകളും ദൈവദാസന്മാരും ഈ ശുശ്രൂഷകളിൽ സഹകരിച്ചു. അനേക ഭവനങ്ങൾ സന്ദർശിക്കുകയും 10 സ്ഥലങ്ങളിൽ പരസ്യവേലകൾ നിർവ്വഹിക്കുകയും ചെയ്തു. 10 പേരോളം രക്ഷാനിർണ്ണയം എടുത്തു. വളരെ ജലക്ഷാമം നേരിട്ട ഈ ദിവസങ്ങളിൽ ദൈവം മുൻമഴ തന്നു അനുഗ്രഹിക്കുകയും, യോഗസമയങ്ങളിൽ അനുകൂലമായ കാലാവസ്ഥ നൽകുകയും ചെയ്തു. തുടർന്നും അറയ്ക്കപ്പടി സഭയുടെ അതിർത്തികൾ വിസ്തൃതമാകുവാനും പ്രാർത്ഥിക്കണമെന്ന് ഓർപ്പിക്കുന്നു. ഇവിടെയുള്ള എളിയ സഭയെ കൊണ്ട് ദേവം ചെയ്യിച്ച ശുശ്രൂഷയാൽ ദൈവനാമം മഹത്വപ്പെടുവാനും സംഗതിയായി. ഈ ശുശ്രൂഷയിൽ കടന്ന് വന്ന് സഹകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാ ദൈവമക്കൾക്കും ഹൃദയംഗമമായ നന്ദി കർത്തൃനാമത്തിൽ അറിയിക്കുന്നു.

അറയ്ക്കപ്പടി സഭയ്ക്കുവേണ്ടി
ജോമോൻ വറുഗീസ്, നെൽസൻ എ


## മേഘമലയിൽ വി.ബി.എസ്

**തമിഴ്നാട് :** സുവിശേഷം എത്താത്ത സ്ഥലങ്ങളിൽ സുവിശേഷവുമായി കടന്നു ചെല്ലുക എന്ന ലക്ഷ്യത്തിൽ മുളന്തുരുത്തി ബ്രദറൺ സഭയുടെ ചുമതലയിൽ 2012 മെയ് 17-19 വരെ മേഘമലയിൽ വെച്ച് വി.ബി.എസ്സും പരസ്യയോഗങ്ങളും നടത്തപ്പെട്ടു. മുളന്തുരുത്തി, ദേവികുളം, ഉത്തമപാളയം, ഇടുക്കി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നായി 9 പേർ ശുശ്രൂഷകൾക്കു ചുമൽ കൊടുത്തു. സഹോ. ജോസ് തോമസ്, ആന്റണി ഫിലിപ്പ്, യേശുദാസ് തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. വി.ബി.എസ്സിൽ തദ്ദേശീയരായ 60 ഓളം കുട്ടികൾ പങ്കെടുത്തു. മേഘമലയിൽ വിതയ്ക്കപ്പെട്ട വചനം ഫലമണിയേണ്ടതിനായി ദൈവജനം പ്രത്യേകം പ്രാർത്ഥിക്കണമേ.

തോംസൺ കെ. പോൾ

# ഗ്വാളിയറിൽ നിന്നുള്ള ഓർമ്മക്കുറിപ്പുകൾ

എം. എ. പൗലോസ്, അങ്കമാലി




സുവിശേഷകന്മാരായ സലിംകുമാർ, രഞ്ജിത് ബാഗ്, എം. എ. പൗലോസ്, വിനോദ് തോമസ് എന്നിവർ ജിവാജി യൂണിവേഴ്സിറ്റിയിലെ ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ പ്രൊഫസർമാരായ ഡോ. മഹേശ് പ്രകാശ്, ഡോ. നീരജ് ജയിൻ എന്നിവർക്കൊപ്പം. ഡോ. ജോൺസൺ സി. ഫിലിപ്പ് ഊർജ്ജതന്ത്രത്തിൽ ഗവേഷണം നടത്തിയത് ഈ പ്രൊഫസർമാരുടെ നേതൃത്വത്തിലാണ്.

**ഗ്വാ**ളിയറിൽ കർത്തൃസേവയിലായിരിക്കുന്ന സഹോദരൻ രജ്ഞിത്കുമാർ ബാഗിന്റെ ക്ഷണപ്രകാരം ഒരാഴ്ചകാലം അവിടെ ആയിരിക്കുവാൻ കർത്താവ് കൃപ ചെയ്തു. ഏപ്രിൽ 6-ാം തീയതി കാലത്താണ് അവിടെ എത്തിച്ചേർന്നത്. അന്നു തന്നെ കാലത്ത് 10 മണിക്ക് സഹോദരൻ ജോസഫ് വർഗ്ഗീസ് ചുമതല കൊടുക്കുന്ന സഭയിൽ വചനം ശുശ്രൂഷിക്കുവാൻ ഭാഗ്യം ലഭിച്ചു. അന്നു ഭാഷാന്തരം ചെയ്തത് എബനേസർ ഹയർ സെക്കന്ററി സ്കൂൾ നടത്തുന്ന സഹോദരൻ സുജിത് ആയിരുന്നു. കാലത്തെ ശുശ്രൂഷ കഴിഞ്ഞപ്പോൾ വൈകുന്നേരം ബാൻമോർ എന്ന സ്ഥലത്തും ഒരു മീറ്റിംഗ് ഉണ്ട്. വചനം ശുശ്രൂഷിക്കുവാൻ അവസരം തന്നു. ആ ഭാഗത്ത് കർത്തൃവേലയിലായിരിക്കുന്ന സഹോദരൻ റാം സേവക്കിന്റെ വീട്ടുമുറ്റത്തായിരുന്നു മീറ്റിംഗ് ക്രമീകരിച്ചിരുന്നത്. നൂറിലധികം പേർ വചനം കേൾക്കാൻ ഇടയായിത്തീർന്നു. വന്നവർ മിക്ക പേരും സന്തോഷത്തോടെ കർത്താവിനെ ഏറ്റു പറയുന്നത് കാണുവാനുള്ള ഭാഗ്യവും ലഭിച്ചു. അന്നു വി.സി. വർഗ്ഗീസ് എന്ന ഒരു സഹോദരൻ (താനും ഒരു സ്കൂൾ നടത്തുകയാണ്) തന്റെ അദ്ധ്യാപകരോട് സുവിശേഷം അറിയിക്കണമേ എന്ന് ആവശ്യപ്പെട്ടതനുസരിച്ച് പിറ്റേ ദിവസം - വെള്ളൂരിൽ നിന്നും സഹോദരൻ സലിംകുമാറും - ഗ്വാളിയാറിൽ കർത്തൃസേവയിലായിരിക്കുന്ന രഞ്ജിത് കുമാറും ചേർന്നു സ്കൂളിൽ സുവിശേഷം അറിയിച്ചു. വളരെ താഴ്മയോടെ അവിടെയുള്ള അദ്ധ്യാപകർ കർത്താവിനെ കേട്ടു; സ്വീകരിച്ചു. അവിടെയും സഹോദരൻ സുജിത് ഭാഷാന്തരം ചെയ്തു. ഹിന്ദി സംസാരിക്കുന്ന സംസ്ഥാനസഭകളിലെ ആദ്യത്തെ സന്ദർശനം.

പിറ്റേദിവസം ഞങ്ങൾ മുകളിൽ പറഞ്ഞ ദൈവദാസന്മാരും വിജയ് എന്ന സഹോദരൻ ഒന്നിച്ച് ജിവാജി യൂണിവേഴ്സിറ്റി സന്ദർശിക്കുവാൻ പോയി. അവിടെയായിരുന്നല്ലോ നമ്മുടെ പ്രിയങ്കരനായ സഹോദരൻ ഡോ. ജോൺസൺ. സി. ഫിലിപ്പ് സാർ പഠിക്കുകയും പഠിപ്പിക്കുകയും ഡോക്ടറേറ്റ് എടുക്കുകയും ചെയ്തത്. ഫിസിക്സ് ഡിപ്പോർട്ട്മെന്റിന്റെ പ്രവേശനഭാഗത്ത് തന്നെ ആ യുണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് എടുത്തവരുടെ പേരുകൾ ക്രമമായി ആലേഖനം ചെയ്തിരിക്കുന്നതു കണ്ടു. അതിൽ 10-ാമത്തെ പേര് നമ്മുടെ സഹോദരന്റേതാണ്. 40 പേരുകൾ താഴെ എഴുതി കണ്ടു. ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ ചില അന്വേഷണങ്ങൾക്കായിരുന്നു ചെന്നത്. അവിടെ ചെന്നതും ഡിപ്പാർട്ട്മെന്റിന്റെ ചുമതലയുള്ള സാർ അവിടെയില്ലായിരുന്നു. എന്നാൽ തൊട്ടടുത്ത സ്ഥാനം വഹിക്കുന്ന ഡോ. നീരജ് ജയിൻ എന്നദ്ദേഹം (ഈ സാർ ജർമ്മനിയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ച വ്യക്തിയാണ് എന്ന് പിന്നീട് മനസ്സിലാക്കുവാൻ സാധിച്ചു) ഞങ്ങളെ ഓഫീസിൽ സ്വീകരിച്ചിരുത്തി. കേരളത്തിൽ നിന്നും ഡോ. ജോൺസൺ സി. ഫിലിപ്പിന്റെ അടുത്തു നിന്ന് വന്ന സഹപ്രവർത്തകരാണ് ഞാൻ എന്ന് സുവിശേഷകൻ രഞ്ജിത് പരിചയപ്പെടുത്തിയപ്പോൾ അദ്ദേഹം ഞങ്ങളോട് കാണിച്ച സ്നേഹമസൃണമായ പെരുമാറ്റം ഞങ്ങളെ അമ്പരപ്പിച്ചു. ഈ സഹോദരനോടുള്ള ബഹുമാനം, അവർ ഒന്നിച്ച് പഠിച്ച കാര്യങ്ങൾ വളരെ സൗമ്യനായി - എന്നാൽ വാചാലനായി വർണ്ണിച്ചു. ഉടനെ കാപ്പി

വന്നു. കേരളം എത്ര സുന്ദരമാണെന്നും കാണുവാൻ ആഗ്രഹമുണ്ടെന്നും അദ്ദേഹം പറഞ്ഞു. വളരെ സൗമ്യനാണെങ്കിലും - സഹോദരനെക്കുറിച്ച് വാചാലനായി. എത്രയോ സമയങ്ങൾ ഞങ്ങൾ അവിടെ ചെലവഴിച്ചു. ബഹുമാനത്തോടെ ഓർമ്മകൾ അയവിറക്കി കൊണ്ടിരുന്നപ്പോൾ - സെക്ഷൻ ഹെഡ് വന്നു. അദ്ദേഹവും അതിലേറെ വാചാലനായി. ഞാൻ ഡോ. ആനന്ദിന്റെ (ഡോ. ജോൺസൺ സി. ഫിലിപ്പിന്റെ മകൻ) കല്ല്യാണത്തിന് വന്നിരുന്നുവെന്നും പറഞ്ഞു.പ ിന്നെത ാൻഏ റ്റെടുത്തുസ ംസാരം. എന്ത് മാത്രം ബഹുമാനത്തോടെയാണ് നമ്മുടെ സഹോദരനെക്കുറിച്ചുള്ള ഓർമ്മകൾ അവർ പങ്കുവെച്ചത്. തന്റെ പദവികൾ, തന്റെ നിലവാരം അങ്ങനെ പോകുന്നു. അവിടെയിരുന്നു നമ്മുടെ സഹോദരനെ ഞാൻ ഓർത്തുപോയി. ഉന്നതരായ വ്യക്തികൾ, ഉയർന്ന ബഹുമാനത്തോടെ സഹപ്രവർത്തകനെ കുറിച്ചുള്ള ഓർമ്മകൾ അയവിറക്കിയപ്പോൾ -നമ്മുടെ ഇടയിലെ ബഹുമാനമില്ലായ്മയെ ഓർത്തു ഞാൻ ആകുലനായി. നാം സഹോദരന്മാരായി പോയതുകൊണ്ടാകാം- ആരെയും ബഹുമാനിക്കേണ്ട എന്ന ഒരു രീതി സംജാതമായതെന്ന്. വ്യക്തിപരമായി പറഞ്ഞാൽ ഒരു വചന ശുശ്രൂഷ കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ ഈ ലേഖകനോട് ഇത്ര ഉയർന്ന നിലയിൽ കഴിഞ്ഞിരുന്ന വ്യക്തിയായ ഡോ. ജോൺസൺ സി. ഫിലിപ്പ് എന്നോട് കാണിച്ച സ്നേഹം ഓർത്തുപോയി. ഇന്നും ആ സ്നേഹബന്ധം ഞങ്ങൾ നിലനിർത്തുന്നു. ഈ സഹോദരനെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നു.

അതിന് ശേഷം ലേഖകൻ റാം സേവക് എന്ന തദ്ദേശീയനായ സഹോദരന്റെ കൂടെ രണ്ട് ദിവസം താമസിച്ചു. അവിടെ മുതൽ ജീവിതത്തിൽ ആദ്യമായി ഹിന്ദിയിൽ ക്ലാസ്സുകൾ എടുക്കുവാൻ കർത്താവ് ശക്തീകരിച്ചു. ബാൻമോർ ഗ്രാമത്തിലും പല ഭവനങ്ങളിലും മീറ്റിംഗുകൾ ക്രമീകരിച്ചു. പലരും വന്നു ശ്രദ്ധയോടെ കേട്ടു. അതിൽ ഒരു കുടുംബത്തിലേക്ക് ക്ഷണിച്ചുകൊണ്ടുപോയിട്ട് - ദൈവത്തെ ഒന്നു പറഞ്ഞ് മനസ്സിലാക്കിതരാമോ എന്നാവശ്യപ്പെട്ടതനുസരിച്ച് അവരോട് സുവിശേഷം അറിയിച്ചു. ആ കുടുംബത്തിലുള്ളവർ എല്ലാവരും കർത്താവിനെ സ്വീകരിച്ചു. അവിടെ പല ക്ലാസ്സുകളിലും പങ്കെടുത്ത ബബിത എന്ന യുവതി കർത്താവിനെ സ്വീകരിച്ച ശേഷം പറഞ്ഞത് വിവാഹം കഴിഞ്ഞ് 5 വർഷമായിട്ടും മക്കളില്ല- പ്രാർത്ഥിക്കണമെന്ന്. ഞങ്ങൾ പ്രാർത്ഥിച്ചിട്ടുണ്ട്. ദൈവജനമേ ഈ മക്കൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

സഹോദരൻ റാം സേവകിന്റെ കൂടെ ഉദയ് എന്ന സഹോദരനും (ഇവരും സ്കൂൾ നടത്തുന്നവരാണ്) ചേർന്ന് കർത്താവിനെ സാക്ഷിക്കുന്നു. ഒരു ഗ്രാമത്തിൽ ചെല്ലുവാൻ ആവശ്യപ്പെട്ടതനുസരിച്ച് ഞങ്ങൾ ചെന്നപ്പോൾ ഗോതമ്പു കൊയ്ത്തിന്റെ കാലമായതുകൊണ്ട് ഗ്രാമീണർ കൊയ്യുവാൻ പോയി. അടുത്ത സന്ദർശനത്തിൽ അവിടെ ഒരു യോഗം ക്രമീകരിക്കണമെന്ന് ഗ്രാമീണർ ആവശ്യപ്പെട്ടിട്ടുണ്ട്. ബാൻമോർ ഗ്രാമത്തിൽ അനേകർ വചനത്തിന്ദ ാഹമുള്ളവരായിക ണ്ടു.ത ന്നെയുമല്ല- വചനം പഠിക്കുവാൻ താല്പര്യം കാണിക്കുന്ന അനേകരെ കണ്ടെത്തുവാനും കഴിഞ്ഞു. 8 പേർ സ്നാനത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. കർത്താവനുവദിച്ചാൽ - ജൂലൈ ആദ്യവാരത്തിൽ അങ്ങോട്ട് ചെല്ലുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

ഗ്വാളിയാറിൽ സുവിശേഷകൻ രഞ്ജിത് കുടുംബമായി താമസിച്ച് കർത്തൃസേവ ചെയ്യുന്നു. തന്റെ ഭാര്യയെ സ്മരിക്കാതെ പോകുന്നത് ഉചിതമല്ല. താനും ഒരു പോസ്റ്റ് ഗ്രാജുവേറ്റ് ആണ്. ഒരു മുൻ പരിചയമില്ലായിരുന്നിട്ടും നീരീക്ഷണ എന്ന സഹോദരി കാണിച്ച ഹോസ്പിറ്റാലിറ്റിയെ എടുത്തു പറയേണ്ടതും ശ്ലാഘനീയവുമാണ്. രണ്ട് മക്കൾ ട്രേസി, മന്ന. സുവിശേഷകൻ റാം സേവകിന്റെ കുടുംബത്തെയും പ്രാർത്ഥനയിൽ ഓർക്കണമേ. സഹോദരന്റെ മകൻ വിവേക് കല്ലിശ്ശേരി ബൈബിൾ കോളേജിൽ പഠിക്കുന്നു. കഴിഞ്ഞ രണ്ടു വർഷത്തോളമായി തെക്കേ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും - ഒറീസ്സയിലും ഇപ്പോൾ മദ്ധ്യപ്രദേശിലെ ഗ്വാളിയറിലും കടന്നുപോയി കർത്താവിനെ സാക്ഷിക്കുവാൻ എനിക്ക് കൃപ ലഭിച്ചുകൊണ്ടിരിക്കുന്നു. കർത്താവ് അനുവദിച്ചാൽ മെയ് മാസത്തിൽ ആന്ധ്രയിൽ വിജയനഗരത്തിലും ജൂൺ - ഒഡീഷയിലും ജൂലൈ ഗ്വാളിയാറിലും കടന്നുപോകുവാനും ശുശ്രൂഷകൾ ചെയ്യുവാനും ആഗ്രഹിക്കുന്നു.

എന്റെ മകൻ ആന്റോ പൗലോസിന്റെ അസുഖത്തോടുള്ള ബന്ധത്തിൽ പ്രാർത്ഥിക്കയും സാമ്പത്തിക കൂട്ടായ്മ കാണിക്കുകയും ചെയ്ത എല്ലാ സഹോദര സഹോദരിമാരോടും ക്രിസ്തുയേശുവിലുള്ള സ്നേഹവും നന്ദിയും കൂടെ ഇത്തരുണത്തിൽ അറിയിച്ചുകൊള്ളുന്നു.

ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

വിലാസം

M.A. Poulose, Mattekadan House, Elavoor P.O.
Angamaly - 683 572
Kerala, India,
Tel : 0484 - 2473502, Mob : 94468 67026
E-mail : mapoulose@yahoo.com

പൂർവ്വകാല സ്മരണകൾ

തുടർച്ച (10) .....

# വേർപാടു സഭകളുടെ ആരംഭം

ഇ.പി. വർഗ്ഗീസ്

**മി.** നാഗൽ പലരെ സ്നാനപ്പെടുത്തിയെങ്കിലും അദ്ദേഹം സ്നാനപ്പെട്ടിരുന്നില്ല. ബ്രദറൺകാരെപ്പറ്റി അദ്ദേഹത്തിനു അക്കാലത്ത് ഒന്നും തന്നെ അറിഞ്ഞു കൂടായിരുന്നു. തിരുവല്ലായിക്ക് വടക്ക് ഒരു ബ്രദറു കാരനും അക്കാലത്ത് ഉണ്ടായിരുന്നില്ല. മി. നാഗലിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ശ്രുതി തെക്കോട്ടും വടക്കോട്ടും വ്യാപിച്ചു. അക്കാലത്തു കോയമ്പത്തൂർ, കുന്നൂർ മുതലായ സ്ഥലങ്ങളിൽ പ്രവർത്തിച്ചു വന്ന സുപ്രസിദ്ധ മിഷ്യനറിയായിരുന്ന മി. ഹാൻഡിലി ബേർഡ് ഇദ്ദേഹത്തെക്കുറിച്ചു കേട്ടപ്പോൾ തമ്മിൽ കണ്ടു വിവരങ്ങളറിയുന്നതിനായി കുന്നംകുളത്തേക്ക് മി. നാഗലിനെ തേടി പുറപ്പെട്ടു. അതിന്റെ ഫലമായിട്ടാണ് ബ്രദറൺകാരുമായി പിന്നീടു അദ്ദേഹത്തിനു ബന്ധമുണ്ടാകാനിടയായത്. ഭക്തനും പണ്ഡിതനുമായിരുന്ന മി. ബേർഡുമായുണ്ടായ സംസർഗ്ഗം മി. നാഗലിന് എല്ലാവിധത്തിലും വലിയോരാശ്വാസമായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വിദേശങ്ങളിൽ അറിയുന്നതിനും സഹായസഹകരണങ്ങളുണ്ടാകുന്നതിനും അതിനാലിടയായി. സ്നാനപ്പെടാതെ തന്നെ വിശ്വാസസ്നാനം നൽകി വന്നിരുന്ന മി. നാഗലിന് അദ്ദേഹം വേർപാടു സത്യങ്ങൾ കൂടുതലായി വ്യക്തമാക്കിക്കൊടുത്തു. ഏറെ താമസിയാതെ തന്നെ മി. നാഗലിന്റെ വിവാഹം നടത്തിക്കൊടുത്തതും, പിന്നീട് ഇരുവരേയും സ്നാനപ്പെടുത്തിയതും മി. ബേർഡു തന്നെയായിരുന്നു. ഒരു നാട്ടുകാരിയെ, അഥവാ ഒരു ആംഗ്ലോ ഇന്ത്യൻകാരിയെ വിവാഹം ചെയ്യുന്നതിന് അദ്ദേഹത്തിന് പ്രേരകമായിരുന്ന കാര്യങ്ങളിൽ ഒന്നു, ചുരുങ്ങിയ ചെലവിൽ കഴിഞ്ഞുകൂടുവാൻ കഴിയുന്ന ഒരാളായിരിക്കണം തന്റെ ജീവിതസഖി എന്നതായിരുന്നു. ഏറ്റവും ചുരുങ്ങിയ ചെലവിൽ ജീവിച്ചുവന്നവരിൽ പ്രമുഖനായിരുന്നു മി. നാഗൽ.

മി. നാഗലിന്റെ സഹപ്രവർത്തകന്മാർ, ഏതേതു കാലങ്ങളിൽ അദ്ദേഹവുമായി ബന്ധപ്പെട്ടു എന്ന് സൂക്ഷ്മമായി അറിയുവാൻ എനിക്ക് കഴിഞ്ഞിട്ടില്ല. ഇട്ടൂപ്പ് ഉപദേശി, കര്യൻ ആശാൻ, ലോനപ്പൻ ഉപദേശി എന്നിവർ ആദ്യം വന്നവരിൽ ഉൾപ്പെടുന്നു. പൊറിഞ്ചു ഉപദേശി, പാവു ആശാൻ, ചാക്കോ ഉപദേശി, ചാക്കുണ്ണി ഉപദേശി, വറിയത് ഉപദേശി, ചേറു ഉപദേശി എന്നിവർ കുന്നംകുളത്തും പരിസരങ്ങളിലും നിന്നുള്ളവരായിരുന്നു. ഇവരിൽ റോമൻ കത്തോലിക്കരിൽ അതീവ തീഷ്ണതയും സഹനശക്തിയും പ്രകാശിപ്പിച്ചിരുന്നവരിൽ ഒരാളായിരുന്നു പാവു ആശാൻ. വില്യം ഉപദേശി കണ്ണൂർക്കാരനും, ഇരിങ്ങാലക്കുട അനാഥശാലയുടെ 'അപ്പ'നായിരുന്ന ചാക്കോ ഉപദേശി പറവൂർ സ്വദേശിയുമായിരുന്നു. ഇവരെയെല്ലാം നേരിൽ പരിചയപ്പെടുവാൻ എനിക്കിടവന്നിട്ടുണ്ട്. ഇവരിൽ കുര്യനാശാനുമായി ഒരിക്കൽ മാത്രമേ പരിചയപ്പെടാനിടയായിട്ടുള്ളുവെങ്കിലും, ആ പരിചയം അവിസ്മരണീയമാണെന്നു കൂടെ പറയേണ്ടിയിരിക്കുന്നു.

കുര്യനാശാൻ ഒരു സ്വതന്ത്രചിന്തകനും അല്പം തണ്ടുമുഴുപ്പു കൂടിയ ആളുമായിരുന്നതു കൊണ്ട് സഹപ്രവർത്തകരോട് ഇണങ്ങിപ്പോകുന്ന ആളായിരുന്നില്ല. ക്ഷിപ്രകോപിയുമായിരുന്നു. അക്കാലത്ത് കുന്നംകുളത്ത് കുര്യനാശാന്റെ കൂട്ടുപ്രവർത്തകരായിരുന്നവരിൽ ഒരാളായിരുന്നു പാവു ആശാൻ. ആശാന്മാർ തമ്മിൽ സാരമായ ചില പ്രയാസങ്ങളുണ്ടായി. അക്കാര്യങ്ങൾ പറഞ്ഞൊതുക്കുന്നതിന് ഇട്ടൂപ്പു ഉപദേശി മുതലായവർ ശ്രമിച്ചുവെങ്കിലും പരിഹാരമുണ്ടായില്ല. അക്കാലത്ത് ഡേവീസു സായ്പ് തൃശ്ശൂരിൽ വന്നതെന്നാണ് എന്റെ ധാരണ. കുര്യൻ ആശാനും സഹപ്രവർത്തകന്മാരും തമ്മിലുള്ള പ്രയാസങ്ങൾ വർദ്ധിച്ചു. കുര്യനാശാൻ ഒരുകൂട്ടം വിശ്വാസികളുമായി വേർതിരിഞ്ഞുപോകുമെന്ന നിലവരെ എത്തിച്ചേർന്നു. അതുകൊണ്ട് നോയൽ സായ്പ്, പി.സി. യോഹന്നാച്ചൻ ഉപദേശി, സൈമൺ സാർ എന്നിവർ തെക്കു നിന്നും ഡേവീസ് സായ്പ്, ഇട്ടുപ്പു ഉപദേശി മുതലായ ചിലർ വടക്കുനിന്നും കാര്യങ്ങൾ തീർക്കുവാൻ കൂടിവന്നവരിൽ ഞാനും ഉൾപ്പെട്ടിരുന്നു. അന്ന് കൂടിയിരുന്നവരുടെ മദ്ധ്യേ അടങ്ങിയിരിക്കത്തക്ക പ്രായവും പരിജ്ഞാനവുമേ എനിക്കുണ്ടായിരുന്നുള്ളൂ. എന്നാൽ ഞാൻ പല ചോദ്യങ്ങളും ഇടയ്ക്കിടെ ചോദിച്ചു. കുര്യനാശാനു അത് സഹിച്ചില്ല. ഈ കൊച്ചൻ എന്താണിങ്ങനെ ധിക്കാരമായി ഇടപെടുന്നത് എന്ന് കുര്യനാശാൻ നിരസിച്ചു പറഞ്ഞു.

*തുടരും .....*

# വേർപാട് വിവാഹ വേദി
## Verpad Matrimonial

ബ്രദറൺ സഭാംഗങ്ങളായ യുവതീയുവാക്കൾക്കു തങ്ങളുടെ ജീവിത പങ്കാളികളെ കണ്ടെത്താൻ സഹായിക്കുന്ന പംക്തി. വിവാഹാനുബന്ധമോ, വിവാഹശേഷമോ ഉണ്ടാകുന്ന യാതൊരു വിധ വിഷയങ്ങളിലും 'വേർപാട്' ഉത്തരവാദി ആയിരിക്കില്ല. ആകയാൽ വിശദമായ അന്വേഷണങ്ങൾ കുടുംബങ്ങളും സ്ഥലം സഭകളും നടത്തേണ്ടതാണ്. വിവാഹ ആലോചനകളിൽ വിശ്വസ്തതയും സത്യസന്ധതയും കാത്തു സൂക്ഷിച്ചാൽ മക്കളുടെ കുടുംബജീവിതം സന്തുഷ്ടമാകും.

**Box No. M15512**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ സഭാ കൂട്ടായ്മയിലുള്ള യുവാവ് 26 വയസ്സ്, 5.8 ഉയരം, വെളുത്ത നിറം ജനറൽ നഴ്സായി ജോലി ചെയ്യുന്നതിനോടൊപ്പം ബി.എസ്.സി. നഴ്സിംഗ് പഠിക്കുകയും ചെയ്യുന്നു. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ സഭാ കൂട്ടായ്മയിലുള്ള നഴ്സിംഗ് ജോലിയുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.

**Box No. F24512**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ സഭാ കൂട്ടായ്മയിലുള്ള യുവതി 24 വയസ്സ്, 5.5 ഉയരം, വെളുത്ത നിറം B.Com with Computer രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ സഭാ കൂട്ടായ്മയിലുള്ളതും ജോലിയുള്ളതുമായ യുവാക്കന്മാരുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.

**കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ താൽപ്പര്യമുള്ള ആലോചനയുടെ ബോക്സ് നമ്പർ സഹിതം വേർപാട് ഓഫീസുമായി – 9497479976 എന്ന നമ്പറിൽ ബന്ധപ്പെടുക.**

# തിരഞ്ഞെടുക്കുന്ന വഴികൾ

**വി.വി. ജയൻ, മുളന്തുരുത്തി**



**മുളന്തുരുത്തി :** മനുഷ്യജീവിതത്തിൽ നിർണ്ണായകങ്ങളായ പല തിരഞ്ഞെടുപ്പുകളുണ്ട്. ബാല്യത്തിലും യൗവ്വനത്തിലും നാം തിരഞ്ഞെടുക്കുന്ന വഴികളാണ് നമ്മുടെ ഭാവിയെ തന്നെ നിയന്ത്രിക്കുന്നത്. തിരഞ്ഞെടുപ്പിലെ പരാജയങ്ങൾ ജീവിതസാഹചര്യങ്ങളെ തന്നെ മാറ്റിമറിക്കാം. തെറ്റിപ്പോകാൻ സാധ്യത ഏറെയുള്ള കാലഘട്ടമാണ് യൗവ്വനം. ഈ യാഥാർത്ഥ്യം മനസ്സിലാക്കണമെന്ന അർത്ഥത്തിലാണ് നിന്റെ യൗവ്വനകാലത്ത് സ്രഷ്ടാവിനെ ഓർത്തുകൊൾക എന്നു തിരുവെഴുത്തിലൂടെ ദൈവാത്മാവ് നമ്മെ പ്രബോധിപ്പിക്കുന്നത് . ദൈവശബ്ദം കേട്ട്, ദൈവഹിതം തിരിച്ചറിഞ്ഞ് യൗവ്വനകാലത്ത് ജീവിക്കുവാൻ സാധിച്ചാൽ അതു വിജയകരമായ ജീവിതമായിത്തീരുമെന്നതിൽ സംശയമില്ല. മരുഭൂമിയുടെ അനുഭവമോ ഏകാന്തതയോ നിരാശയോ ജീവിത പാതയിൽ കടന്നു വരുമ്പോൾ ദൈവിക ആലോചനയ്ക്കു ചെവി ചായ്ക്കുവാൻ സാധിച്ചാൽ ദുഃഖം സന്തോഷമായിത്തീരും.

ദൈവത്താൽ ഉപയോഗിക്കപ്പെടേണ്ട ജീവിതമാണ് യുവ വിശ്വാസികളുടേത്. യൗവ്വനകാലത്തിന്റെ ചാപല്യങ്ങൾ അറിഞ്ഞു കൊണ്ടു തന്നെയാണ് കർത്താവ് നമ്മെ സ്നേഹിക്കുന്നത്. ആകയാൽ ദൈവഹിതപ്രകാരമുള്ള തിരഞ്ഞെടുപ്പുകൾ നടത്താൻ നമ്മുക്കു ശ്രദ്ധിക്കാം. മുളന്തുരുത്തി ബ്രദറൺ യൂത്ത് മീറ്റിംഗിൽ മുഖ്യ സന്ദേശം നൽകവെ അദ്ദേഹം ഓർപ്പിച്ചു.




# സംഖ്യാ പുസ്തകം

യിസ്രായേൽ ജനത്തിന്റെ മരുഭൂമി പ്രയാണത്തെക്കുറിച്ചുള്ള വിവരണം നൽകുന്ന പുസ്തകം. യിസ്രായേൽ ജനത്തിന്റെ രണ്ടു ഘട്ടങ്ങളിലുള്ള കണക്കെടുപ്പിനെക്കുറിച്ചു പറയുന്നതുകൊണ്ട് സംഖ്യാപുസ്തകം എന്ന പേര് അർത്ഥവത്താണ്. യിസ്രായേൽ ഈജിപ്തിൽ നിന്നും പുറപ്പെട്ടതിനു ശേഷം രണ്ടാം ആണ്ടിലും (അ.1) നാല്പതാം ആണ്ടിലും (അ.26) കണക്കെടുപ്പ് നടന്നു.

**ഗ്രന്ഥകാരൻ** : മോശെ

**പ്രധാനവ്യക്തികൾ** : മോശെ, അഹരോൻ, മിര്യാം, കോരഹ്, ബിലയാം, ബാലാക്

**രേഖാരൂപം**

1. യിസ്രായേലിന്റെ സംഘടന : 1:10:36
2. മരുഭൂമിയിലെ യാത്രാനുഭവങ്ങൾ : 11:1–25:18
3. വാഗ്ദത്ത നാട്ടിലേക്കുള്ള പ്രതീക്ഷ 26:1–33:49
4. കനാൻ നാട്ടിലേക്കുള്ള പ്രവേശനം 33:50–36:13

**തീം**

1. ദൈവിക കരുതൽ 20:1–11, 21: 1–9
2. ദൈവിക കോപം 11:1 –13; 11:33; 12:1–16
3. ദൈവിക ശിക്ഷണം അ. 1,2,3,4
4. ദൈവിക നടത്തിപ്പ് 9:15–23

**താക്കോൽ വാക്യങ്ങൾ** : 6:24–26; 12 :6–8; 14:30–34

ദൈവജനത്തെക്കുറിച്ചുള്ള ദൈവിക കരുതൽ. ദൈവത്തെ അനുഗമിക്കുമ്പോഴുണ്ടാകുന്ന പ്രതിസന്ധികൾക്കുള്ള നീക്കുപോക്കുകൾ. ദൈവിക സാന്നിദ്ധ്യത്തിൽ നടക്കുമ്പോഴും മത്സരികളായിത്തീരാനുള്ള മാനുഷിക സ്വഭാവം. അനുസരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവർക്കുള്ള അനുഗ്രഹവും അവിശ്വാസികൾക്കുള്ള ശിക്ഷയും ഈ പുസ്തകത്തിൽ നാം കാണുന്നു. ദൈവിക പദ്ധതിക്കു കീഴ്പ്പെട്ടു പോകാനുള്ള നിർദ്ദേശമാണ് ഈ പുസ്തകം നൽകുന്ന പാഠം

## ശ്രദ്ധയ്ക്ക്

വേർപാട് വാർത്താപത്രികയിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ലേഖനങ്ങൾ 2 പുറത്തിൽ കവിയാതെ അയക്കുക. വാർത്തകൾ എല്ലാ മാസവും 20–ാം തീയതിക്കു മുമ്പ് ലഭിക്കത്തക്കവിധം അയക്കുക. സഭാപ്രശ്നങ്ങൾ, മുടക്കലുകൾ, തുടങ്ങിയ വിഷയങ്ങൾ ദയവായി വേർപാടിന് അയയ്ക്കരുത്. വേർപാടു സഭകളുടെ നന്മയ്ക്കുതകുന്ന ലേഖനങ്ങളും വാർത്തകളും മാത്രം ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഒന്നിലധികം കോപ്പികൾ ലഭിക്കുന്നു എങ്കിൽ അഡ്രസ്സിനോടൊപ്പമുള്ള റഫറൻസ് നമ്പർ സഹിതം ഞങ്ങളെ അറിയിച്ചാലും.

പത്രാധിപർ

## സംഖ്യാ പുസ്തകം 1–18




**ഈ ക്വിസിൽ ആർക്കും ചേരാം. ശരിയുത്തരം എല്ലാ മാസവും 25 നു മുമ്പ് ലഭിക്കും വിധം അയക്കുക. ഉത്തരകടലാസിൽ പേര്, വയസ്, തൊഴിൽ, സ്ഥലം സഭ തുടങ്ങിയ വിവരങ്ങൾ ചേർക്കണം. ഓരോ ലക്കവും ഓരോ പുസ്തകത്തിൽ നിന്നുമുള്ള ചോദ്യങ്ങൾ നൽകുന്നു. ഉത്തരങ്ങൾക്കൊപ്പം റഫറൻസ് കൂടി നൽകുക. 12 മാസവും തുടർച്ചയായി ശരിയുത്തരം അയക്കുന്നവർക്കു സമ്മാനങ്ങൾ നൽകുന്നതാണ്.**

1. വീഞ്ഞും മദ്യവും വർജ്ജിക്കേണം. തലമുടി വെട്ടുകയും അരുത്. ഇത് ആർക്കുള്ള നിയമമാണ്?
2. മത്സരികൾക്ക് ഒരു അടയാളമായി സാക്ഷ്യപെട്ടകത്തിൽ വച്ചിരിക്കുന്നതെന്ത്?
3. ദശാംശത്തിന്റെ ദശാംശം കൊടുത്തത് ആര്?
4. മിസ്രയീം ദേശത്തു നിന്ന് പുറപ്പെട്ടതിന് ശേഷം എവിടെ വെച്ചാണ് യിസ്രായേൽ മക്കളുടെ എണ്ണം എടുത്തത്? എണ്ണപ്പെട്ടവർ എത്ര പേരുണ്ടായിരുന്നു. ആരുടെ എണ്ണമാണ് എടുക്കാതിരുന്നത്?
5. യിസ്രായേൽ മക്കൾ ആദ്യമായി പെസഹ ആചരിച്ചതെവിടെ വെച്ച്?
6. മോശ ഉണ്ടാക്കിയ വെള്ളിക്കാഹളങ്ങൾ എത്ര? ഒരു കാഹളം മാത്രം ഊതിയാൽ കൂടിവരേണ്ടത് ആര്?
7. യഹോവയുടെ തീ കത്തിയ സ്ഥലത്തിന്റെ പേരെന്ത്? എന്ത് കാരണത്താലാണ് തീ കത്തിയത്?
8. യഹോവയുടെ പെട്ടകം പുറപ്പെടുമ്പോൾ മോശ പറയുന്ന വാചകം എന്ത്?
9. എത്ര ദിവസം കൊണ്ടാണ് കനാൻ ദേശം ഒറ്റു നോക്കിയത്. അവിടെ നിന്ന് എന്ത് ഒക്കെ കൊണ്ടുവന്നു?
10. ഭൂതലത്തിലുള്ള സകലമനുഷ്യരിലും അതിസൗമ്യൻ എന്ന് പഴയനിയമത്തിൽ വിശേഷിപ്പിക്കുന്നതാരെ?
11. മിസ്രയിമിൽ നിന്ന് പുറപ്പെട്ടവരിൽ 20 വയസ്സിനു മുകളിലുള്ള ആരെല്ലാം കനാൻ നാട്ടിൽ പ്രവേശിച്ചു.
12. സമാഗമനകൂടാരത്തിലെ യാഗപീഠം പൊതിയുവാൻ ഉപയോഗിച്ച താമ്രം എവിടെ നിന്ന്?

**Quiz Master**

**അയയ്ക്കേണ്ട വിലാസം** : Anand villa,143, Maveli Nagar
Cochin University P.O.,
Ernakulam 682 022

### പുറപ്പാടിന്റെ ഉത്തരം

1. ലേവ്യർ : പുറപ്പാട് 32:28
2. മോശെ : 7:1
3. യിസ്രായേൽ മക്കളുടെ പ്രമാണികൾ 24:11
4. സ്ത്രീകളുടെ ദർപ്പണം. സമാഗമനകൂടാരത്തിന്റെ വാതിൽക്കൽ സേവ ചെയ്യുന്ന സ്ത്രീകളുടെ പക്കൽ നിന്ന് 38:8
5. യിത്രോ 18:18–22
6. മന്ത്രവാദികൾ ഫറവോനോട് 8:18,19
7. മിസ്രയീം ദേശത്ത് 9:31
8. ഊറീമും തുമ്മീമും (വെളിപ്പാടും സത്യവും) അഹരോൻ തന്റെ ഹൃദയത്തിന്മേൽ വഹിക്കേണം. ( 28:30)
9. യഹോവയുടെ നേരേ 16:7,8
10. സമ്മാനം 23:8
11. യിസ്രായേൽ മക്കളുടെ 12 ഗോത്രത്തലവന്മാരുടെ പേരുകൾ (യിസ്രായേൽ മക്കളുടെ പേരുകൾ) ഗോമേദക്കല്ലിൽ എഴുതി എഫോദിന്റെ ചുമൽക്കണ്ടത്തിൽ വച്ചിരിക്കുന്നു. 28:99–12 39:7,14
12. യഹോവയ്ക്ക് വീണ്ടെടുപ്പ് വില കൊടുക്കേണം 30:12

### ഉത്തരം എല്ലാം ശരിയാക്കിയവർ

1. മേരി എൻ.വി. പുന്നവേലി
2. മൈക്കിൾ അബ്രഹാം, കൊച്ചി
3. റോസമ്മ തോമസ്, തടിയൂർ
4. എലിസബത്ത് സാം, കളമശ്ശേരി
5. മറിയാമ്മ തോമസ്, കുന്നന്താനം
6. ഷീജാ ജയൻ, മുളന്തുരുത്തി
7. ഹെലൻ പി. സാബു, മുളന്തുരുത്തി
8. മെറിൻ പി. സാബു, മുളന്തുരുത്തി
9. എലിസബത്ത് ജോസഫ്, തിരുവല്ല
10. ബേബി കുര്യാക്കോസ്, കടമറ്റം
10. ജയിൻ മാത്യൂസ്, പാലക്കാട്
11. ഗ്രേസി ആൽബർട്ട്, പാലിയക്കര

### 10–ൽ കൂടുതൽ ശരിയാക്കിയവർ

1. ജോർജ്ജുകുട്ടി പി.കെ, വാളകം
2. ഗ്രേസി ജോർജ്ജ്, കിഴക്കേക്കോട്ട
3. ജിബിൻ ബില്ലി പോൾ, പോത്താനിക്കാട്
4. തങ്കമ്മ ദാനിയേൽ, തൃശ്ശൂർ
5. ജയ്നമ്മ മാത്യു, കുറ്റപ്പുഴ
6. കെസിയ ജോർജ്ജ്, തിരുവനന്തപുരം

# മൂടുപടം
## പ്രകാശനം ചെയ്തു




**പുത്തൻകാവ്** : ബ്ര. നോയൽ ഡാനിയേൽ ഒക്‌ലഹോമ രചിച്ച മൂടുപടം വേദപുസ്തക പ്രമാണമോ പ്രാദേശിക ആചാരമോ എന്ന പുസ്തകം എസ്.ബി.എസ്. ടീൻസ് ക്യാമ്പിൽ സഹോ. പി. ഇ. സാംകുട്ടി സഹോ. ഐ സുന്ദർദാസിനു നൽകി പ്രകാശനം ചെയ്തു. സ്ത്രീകൾ ആത്മീക കൂടിവരവുകളിൽ തല മറയ്ക്കേണ്ടതിന്റെ ആവശ്യകത വസ്തുനിഷ്ഠമായി പ്രതിപാദിക്കുന്ന ഒരുത്തമ ഗ്രന്ഥം. ഇംഗ്ലീഷിലും മലയാളത്തിലും ഈ പുസ്തകം ലഭ്യമാണ്. ആനി വിൽസൺ എന്ന തൂലികനാമത്തിൽ അറിയപ്പെടുന്ന ആഗ്നസ് വർഗ്ഗീസാണ് ഇംഗ്ലീഷ് പതിപ്പിന്റെ എഡിറ്റിംഗ് നിർവ്വഹിച്ചിരിക്കുന്നത്.

ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും മറ്റു ആത്മീക കൂടിവരവുകളിലും സ്ത്രീകൾ തല മറയ്ക്കണമെന്നതു നിർബന്ധമാണോ? എന്തുകൊണ്ട്? തിരുവചന വെളിച്ചത്തിൽ വ്യക്തമായ മറുപടി നൽകുന്നു. എല്ലാ വിശ്വാസികളും വായിച്ചിരിക്കേണ്ട ഒരു ഉത്തമ ഗ്രന്ഥമാണിത്.

## സുവി. ജോർജ്ജ് പീറ്ററിനെ ആദരിച്ചു



ലോകമെങ്ങുമുള്ള മലയാളി ക്രിസ്ത്യാനികൾ പാടി ആശ്വസിക്കുന്ന നിരവധി ഗാനങ്ങളുടെ രചയിതാവായ **സുവിശേഷകൻ ജോർജ്ജ് പീറ്ററിനെ** അബുദാബി ബ്രദറൺ ക്രിസ്ത്യൻ അസംബ്ലി 2012 മാർച്ച് 9-ന് അവാർഡ് നൽകി ആദരിച്ചു.

If Undelivered Please return to

LOGOS BHAVAN
Maneed P.O.
Ernakulam 686726
Kerala

PRINTED MATTER

TO.




**This Publication is owned by Dr. Saneesh Cherian and Printed at Maptho Printings, Kalamassery for Brethren Research Group**